This inventory suggests certain facts about the collection under examination. First of all, there is an extra weightage for religion and that may be due to the interest of the western missionaries who were probably responsible for collecting these manuscripts mainly with a view to familiarizing themselves with the knowledge and culture of the native communities in which they were engaged in their evangelical activities. Secondly, the range of these materials is restricted to certain areas of intellectual pursuit. Apparently, the areas of missionary interest, as gleaned from the above list, were Lexicography, Grammar, Religion, Literature, Tradition/history, Official Correspondence, and native Science. Thirdly, the cultural trend of those western missionary groups was naturally linked to their project of proselytisation. I had occasion to visit some similar collections in Rome and Vatican. After examining those manuscripts I could meaningfully observe that this is not just a chance, but a pattern, that is repeated in the other similar collections too.

It is not at all surprising if the largest section in the collection is that of religion : 9 out of 20. This corpus includes works on biblical themes, Christian catechisms, and also the acts and proceedings of the synod of Angamali which was of great importance to the newly emerged groups. Some works such as Misihacharithram that is now included in this section may fit well in the section of literature also. The authors of Christian religious works, at least the missionaries, have claimed that they were introducing 'new' subject matter into the native literary tradition by bringing in Christian myths and legends. In an important work on the life of Jesus Christ, the author addresses the parrot in the traditional kilippattu style and requests her to sing 'new' stories [Maria della Scala,8(65) Miscellaneous [v], Appendix1 below]. One should not fail to notice that this early trend of the 16^{th} and 17^{th} centuries following the native literary tradition with admiration and scholarly interest to introduce a new subject and faith was replaced by a later trend of 19^{th} century of criticising and rejecting the native tradition as merely entertainer and sinful and therefore, inferior to the modern western (vilathi) style, which was, according to the missionaries, more suitable for serious intellectual exercises (Gundert, 1842).

The pattern mentioned above seems to suggest an overarching paradigm that determined the character of the collections. One of the repetitive items among the manuscripts is Dictionary linking foreign and native languages such as Sanskrit, Tamil, Malayalam, Latin and Portuguese. This was an essential primary step for those who seek entry into the interior of a tradition. It is also necessary to learn the language of the native people to work among them, to convert them and to 'educate' them. In the large spectrum of this lexicographical tradition we can see several types including brief, functional texts as in the case of some items in the 'Maria d scala' collection of BNCR [appendix 1 below] as well as scholarly and pedantic larger texts such as the Malayalam – Portuguese dictionary of no.17 of the Vaticani series [Appendix (BAV) below]. Thus the Dictionaries are in all probabilities, part-and-parcel of the prevailing paradigm of evangelism. Compilation of dictionaries was only one aspect of this project. The missionaries in South India collected also proverbs in native languages

since they knew very well that ideas are effectively expressed in traditional lore. However such works do not occur in our present collection. Conventionally, such works of the missionaries were explained as great service to the native language and culture and the usual claim was that their aim was to enrich the native languages with all kinds of necessary linguistic tools including lexical materials. From a functional point of view the compilation of lexicons by the missionaries was with a view to helping their own colleagues to achieve their religious goals. Anyway this need not necessarily underrate the scholarly enthusiasm and linguistic skills of the learned missionaries

Grammar is another area of missionary interest and usually grammatical works of missionaries are also explained away as pioneering service to native languages. The service aspect apart, they had an important function to carry out in equipping foreign priests with local dialects and their correct usage. Various aspects of local dialects and regional languages are compiled, codified and published by the missionaries in order that linguistic skills of the preachers of the new faith might be enhanced. Thus the missionary grammar had a significant role in the religious conversion of the native population and it fits well in the general shift of paradigm of that age. This paradigm shift is generally characterised by a trend of modernisation that was not without serious and all-pervading repercussions in political, social and cultural aspects of native life. Pioneering works in what is usually called missionary Malayalam were naturally and necessarily in prose of the day-to-day use of the common people and this popular use placed the native prose in a privileged position. Prose was considered in the enlightenment modernity as the vehicle of thought and verse, that of sentiments. This placed prose in a superior position. Interestingly enough, this higher status of prose was appreciated as a characteristic feature of the western knowledge according to the missionary scholars like Rev. Fr. Gundert (Gundert, 1842:).

Compilation of grammar, popularisation of Malayalam prose etc. by missionaries from Europe must be viewed against this background to understand the underlying processes of cultural modernisation. One

of the results of this western evangelism was that the new faith preached by the European missionaries was equated with a modern world view as against the traditional and credulous native religion and its several social evils. This went a long way in attracting native local communities to Christianity and modernity. What we suggest here is that there was a trend to equate Christianity with modernity. Some ideas are, by nature, supposed to have a conducive and flawless accèptability and modernity is one such idea that cannot be rejected when it is offered, especially, by an authority. The missionary propaganda that the modernisation of native communities in Kerala was a result of the colonial rule acquires added importance in this cultural locale. (Gundert in Zacharia, ed. 1992:26). Here, the colonial rule is projected as a blessing for the subjects. What is noteworthy in this statement is that it describes the satyaveda or true knowledge of Christianity as most important gift of the British rule to India. Quite significantly, this equates Christianity with the colonial rule thereby implying that the statement pertains, not to the traditional and native nazranis, but to the western Christianity, newly introduced to Kerala after the advent of the western monopolist mercantilist groups on the coast of Malabar. The whole discourse seems to have woven a chequered fabric with modernisation and colonisation as warp and woof and the newly imported Christianity as its glittering border.

Literary works of native tradition such as Ramayanam kilippattu, Krishnagatha etc. had a double role to play in the missionary writings. On the one hand, they were models, as we have noted above, for the Christian writers to be adopted in compositions on 'new' themes. One of the famous and popular Christian work, Misihacharithram takes, at least ideally, the traditional Pana as its model and hence its more popular name Puthanpana (Indien, 765 of Cabaton, 1912).Fr Paulinos has composed poems employing Christian themes and they depend on traditional style of diction and narration of Malayalam poems [scala d Maria 8 (65) (viii) of BNCR, Appendix, below] On the other hand, there was another trend to show many of them as examples of heretical works. Several native traditional works and their contents were put under fire to show how they propagate false and

heretic faith contrary to the 'high' Christian ideals. A portion in a theological work composed by Fr. Paulinos compares native deities and the Christian God to show how the divinity of the Hindu gods becomes questionable when their origin is examined carefully [Maria della Scala, 35-36(146-147 App.].Severe criticism of alien faiths is a necessary step to assert and preach one's own religion in a context of proselytisation. in large scale Rev. Fr. Gundert seems to follow Fr. Paulinos when he was writing his disparaging nalacharithasarasodhana, a detailed critique of the Nala episode in the Mahabharatha, (Gundert in Zacharia,ed.'92:81-120) to criticize some Hindu beliefs and divinities.The presence of malayalam literary works in the manuscript collections under discussion is understood better when they are examined against this historical and cultural context

Historical tradition is the least represented category of records in our collections. The BNF collection of oriental manuscripts does not contain works that are directly linked with History or Tradition in the strict sense of the term. But, if the records which referring to the historical events such as the Synods of Udayamperur and Ankamali/ Kodungallur may be included in that category, we have manuscripts pertaining to those events. These apart, we have only a single text of keralolpathi in the whole of the oriental manuscript collections in Paris, Rome and Vatican to represent the category of historical tradition [no.55 of Borg.Ind. See appendix below.].At the time of the advent of the western religion, there were at least three native modes of perception of the past. The most popular among them was the Keralolpathi tradition that sought to legetimize the social, economic and political status of brahmans and the ruling houses of Kerala. There was a Muslim historical tradition of the Tuhfath-ul Mujahideen and it was a response of the Muslim traders on the coast of Malabar when their interests were totally disturbed by the western monopolist mercantilist groups. Apart from these two, there was another tradition of a folk historical consciousness that preserved those past events the society thought to be worthy of preservation. This is usually in the form of songs popular songs. Generally speaking, they are composed on local themes like petty skirmishes, village outbreaks etc. Occasionally they resorted to

themes like the famous twelve-yearly mamankam fights that took place at Thirunavaya, or the death of a chaver or suicide squad, at the mamankam or the death of a yet another hero for the sake of his patron. Such songs had a steady demand during local festivals of different communities as well as in the weekly markets held regularly in the countryside. It is against this native cultural context that the acute scarcity of historical traditions becomes conspicuous. A possible reason for the lack of missionary interest in the native historical traditions could be the fact that none of the existing traditions was in support of the concerns of those who collected the native records. In other words, being familiar with another form of historical narrative, those who collected these manuscripts were selective and they were looking for the materials that supported their programme of proselytization, directly or indirectly. Further, it is also not improbable that the missionaries could not understand the real value of the traditional historical accounts of native cultures. At the same time, records of events of some religious importance to them were collected and preserved. In other words, the omissions are also loaded with cultural connotations like the commissions.

Official communications between the Political agents at Mahe and the local authorities, merchants and landed magnates form part of the section of Correspondence in the present manuscript collections. This category includes a few letters from the Raja of the Chirakkal royal house to the French at Mahe, the then French factory on the Malabar coast. It is of some interest to the students of pre-colonial History of Kerala that in the present collection there are one or two letters of the Zamorin of Calicut, addressed to the French officers at Mahe. These letters have direct links with the contemporary politics of Kerala. This can be juxtaposed to the other collections, especially, the letters of Fr. Paulinos to the Maharaja of Travancore, about the Christian institution of Varappuzha. These letters are of economic as well as cultural importance since they are directly connected with the establishment of an institutional base for the programme of proselytising in Kerala. Here it may be remembered that Varappuzha is the first Christian centre in Kerala to have a printing press. Thus the place is

often identified with the starting point of modern age in Kerala. In addition to officially sanctioning missionary activities among the native communities, this corpus of records went a long way, as cultural capital, in legetimizing the social status of the pioneering foreign missionaries. To put it in other words, outwardly though it may appear to be official and secular, the whole set of records belongs to the general paradigm of Christianisation and modernisation. Their religious nature cannot be overlooked. The correspondence between the local magnates of Mahe and the French authorities is directly linked with the western colonial interests and strategies. Thus these records acquire added importance in the overarching paradigm of colonialism

The last two sections of science and technical writing of our table can be taken together since they are closely connected with each other. Representation of these categories is not so meagre as in the case of historical tradition, but the contents of the manuscripts available are of a primary level. A lengthy palm leaf manuscript [Indien, no.773 above] contains some sections on astrology and astronomy, but for want of sufficient time, the present writer was not able to complete the decipherment of this important work in full. The leaves of this bundle belong to different texts and to different points of time. At present our knowledge of the content of this manuscript is fragmentary.

A word or two about other collections seem to be relevant in this context. Generally speaking, major chunk of the subject matter of scientific and technical writing is restricted to the area of healthcare and the knowledge of calendar. Even in the lessons for beginners, arithmetic portions are scanty, not to speak of higher mathematics. Geography makes its appearance only sporadically and that too is with reference to the epico-puranic tradition [no.67of Vat. Ind]. The only exception to this is a description of geography of some real places of India as well as some astrological writings about the rasi, divisions and their tutelary planets [no 32(b) of Vat. Ind]. There is a brief attempt to describe the flora of Malabar [no. 36 of Maria d scala] and in the available portion there are only names of some medicinal plants and their equivalents in Latin.

This appears to call for some explanation. At an early stage o interaction with the native communities, European missionaries like John Ernestus Hanxleden (known to Malayalis as Arnos Padre) were eager to come in contact with learned people of higher sections o society. After an initial aversion of certain learned people of uppe castes, Arnos Padre was successful in earning friendship of severa Nambudiri scholars who were well versed in different branches o Scientific knowledge (Thomas, 1989:110). He is said to have collecte some important texts of various disciplines from Trichur and it surroundings. In all the collections of Rome, Vatican and Paris th works of Arnos Padre have a prominent place. It is not improbabl that the manuscripts collected by him also must have reached the sam destination but they are not traceable in those centres at present. Arno Padre lived and worked in Kerala during the first three decades of th 18th century and quite probably he was following an intellectual tren set by his predecessors. By the time of Arnos Padre and his follower a shift of missionary interest from intellectual pursuits to proselytisatio of natives of lower social status is clearly visible. This means that th people addressed by the newly created Christian literature were nc learned sections of society but lower communities who were deprive of several social privileges including education. Therefore, it is in ve to expect higher levels of knowledge from the missionaries or fro the newly converted groups.

It becomes clear from the above description that the seemingl chaotic nature of these collections of manuscripts is deceptive, ar also that there is an overarching paradigm which renders them meanir and significance. It is this overarching paradigm that contains the worl in these collections belonging to various branches of knowledg coherently in a structural whole. This paradigm is found manifestir variously in the missionary activities in the form of proselytizatio Christianisation, modernisation and colonisation. Thus the collectic of manuscripts visited by us for the present enquiry becomes part ar parcel not only of a cultural event but also of a historical epoch socio-political dimensions. A study of that age is incomplete withou reference to these collections

Before concluding this Report, I would like to thank a few friends and scholars as well as some institutions. First of all, I express my deep sense of gratitude to Dr. Gilles Tarabout, Director, Indo-French Programme, Maison Des Sciences de l'Homme, (MSH) Paris for his generous invitation and kind helps without which it would not have been possible for me to visit Bibliotheque Nationale de France. Further, Dr. Tarabout found time, among his busy schedules, to discuss with me academic issues of common interest and gave me some of his recent publications. MSH welcomed me as one among them, and I know, it was because of the helps and support of Dr. Tarabout. I am indebted to him for all this. Second to none, Madam Montfalcon of the Secretariat of MSH was very kind and helpful to me in providing me with all official facilities and also in arranging a very comfortable place for my stay in Paris. I would like to place on record my sincere thanks to Madam Montfalcon and her staff of the MSH Secretariat for their supports and encouragements. I also remember with thanks the helps of the computer section of MSH. Access to the rare manuscripts in the Oriental Manuscript section of BNF, Paris was necessary to carry out my work in Paris. The Curators and staff of that section were very helpful and cooperative. I thank them for their kind helps. I am indebted to my friends, Dr. Kesavan Veluthat of Mangalore University for his most loving encouragements and supports and Dr. Rajan Gurukkal of Mahatma Gandhi University, Kottayam for a grant which went a long way in meeting the expenses of my trip to Paris. During my stay in Paris Dr. Murugaiyan was so warm and kind to me that he spared no pains to help me in many ways. Further he invited me to his institution for giving a talk on Social Roots of Formation of Local Dialects. I thank Dr. Murugaiyan for his love and friendship. In Paris I had the benefit of discussing academic issues of common interest with Dr. Zimmermann, Dr. Gerard Colas and Dr Usha. Most sincerely I am expressing my gratitude to those friends. My thanks are also due to the Director and staff of 16, Maison Suger where I stayed for one month without any difficulty.

References

Almeida, Dennis F, and G.G.Joseph, (2004)'Eurocentrism in the history of mathematics :The case of the Kerala School', Race & Class, Vol . 45 (4): 45-59

Cabaton, A (1912), Catalogue Sommaire des manuscrits Indiens, Indochinois,& Malayo -Polynesiens,(Paris,1912) (the copy with handwritten additions)

Gundert, Rev.Fr. In Zacharia (ed.) (1992) Vajrasuci (Mal) Kottayam

Joseph G.G., (1995)'Cognitive encounters in India during the age of imperilism' Race & Class, Vol 36.(3):39-56

Thomas,Dr.P.J., (1989) Malayalasahithyavum Krsthyanikalum (Mal.), Kottayam.

എഴുത്തിലെ ഭാഷ:ചില പ്രത്യേകതകൾ

ഈ രേഖകളിലേയ്ക്ക കടക്കുന്നതിന്നുമുമ്പ് ഇവയിലെ ഭാഷയിലും എഴുത്തിലും കാണുന്ന ചില പ്രത്യേകതകളെപ്പറ്റി ആമുഖമായി ഒന്നു സൂചിപ്പിക്കേണ്ടതു് ആവശ്യമാണ്. ഒന്നാമതായി, ഈ രേഖകളിൽ പൂഞ്ഞറക്കൊന്റെ തീട്ടുകൾ ഒഴിച്ച മറ്റുള്ളവ പൊതുവെ കുറുമ്പ്രനാട്, കടത്തനാട് പ്രദേശങ്ങളിലെ പട്ടു വാമൊഴിയിലാണ് എഴുതിയിട്ടുള്ളതു്. 'അതിറ്റാൽ' (അവറ്റിൽ), 'അറെക്കെന്നു് '(അറക്കൽനിന്നു്), 'അനു മാതൊ' (അനുവാദം,സമ്മതം), 'ഇണ്ടു', (ഉണ്ടു്), 'എനക്കു് '(എനിയ്ക്ക്), 'എത്തിരെ'(എത്ര),'കുരുസെരി' (ബദ്ധപ്പാടു്, ബുദ്ധിമുട്ടു്), 'കൊട്ടുത്തുട്ടു് (കൊടുത്തുവിട്ടു), വെലവാൻ' (ബലവാൻ), 'പൊരായിത്തം(പോരായ്മ),'' നിപ്പിച്ചി'(നിർത്തി) കൊതക്കേട്ടു് (സുഖക്കേടു്) എന്നിങ്ങിനെ അനേകം വാക്കുകൾ നാട്ടുഭാഷാഭേദങ്ങളായി ഈ രേഖകളിൽ പ്രത്യക്ഷപ്പെടുന്നു. ഈ ശബ്ദങ്ങൾ അധികമായി കാണുന്നതു് സാധാരണക്കാരായ നിലംഉടമകളുടെയും കച്ചവടക്കാരായ മാപ്പിളമാരുടെയും എഴുത്തുകളിലാ ണ് എന്നതു ശ്രദ്ധേയമത്രെ.

ആ കാലംവരെ ഔദ്യോഗികമായി എഴുത്തു് പ്രയോഗിച്ചിട്ടില്ലാ ത്തവർക്കുകൂടി പുതുതായിവന്ന വെള്ളക്കാരുമായുള്ള എടപാടുകളിൽ എഴുത്തിന്റെ ഉപയോഗം വേണ്ടിവന്നു എന്നതു് അക്കാലത്തിന്റെ ഒരു പ്രത്യേകതയായി കാണണം. അങ്ങിനെ പുതുതായി എഴുത്തു പ്രയോഗിക്കാൻ തുടങ്ങിയവരുടെ കത്തുകളിലാണ് പട്ടുവാമൊഴിയുടെ കലർപ്പു് ഏറിക്കാണുന്നതും. അതേസമയം, പഴയ നാട്ടുരാജാക്കന്മാരും അവരുടെ എഴുത്തുകാരുംമറ്റും കാലാകാലങ്ങളായി പരിശീലിച്ചുപോന്ന എഴുത്തുസമ്പ്രദായങ്ങൾ തുടർന്നുപോന്നു. 'കണ്ടുകാരിയം' മാതൃകയിലുള്ള തിരുവെഴുത്തുകളും അവയിലെ പരമ്പരാഗതശൈലീപ്രയോഗങ്ങളും സൂചിപ്പിക്കുന്നതു് ഈ വസ്തുതയാണ്. ഇത്തരം ശൈലികൾക്കു് മലയാള ക്കരയിലുടനീളം ഏതാണ്ടു സാർവത്രികമെന്നു പറയാവുന്ന ഒരു ശൈലി യും സമ്പ്രദായങ്ങളും ഏർപ്പെട്ടു എന്നതും ശ്രദ്ധേയമായിത്തോന്നുന്നു. നെടുനാളായി എഴുത്തിന്റെ പാരമ്പര്യം കൈതുടർന്നുപോന്ന മേലാള

വർഗ്ഗത്തിന്റെ രീതികളും വഴക്കങ്ങളും തന്നെയാണ് പുതുതായി എഴുത്തിന്റെ പ്രയോഗം തുടങ്ങുന്നവരും കൈക്കൊണ്ടതു് എന്നതു സ്വാഭാവികം മാത്രം.

ഭാഷയിലെന്നതുപോലെ ലേഖനരീതിയിലുമുണ്ട്, സൂക്ഷ്മങ്ങളെങ്കിലും അർത്ഥഗർഭങ്ങളും ദിശാസൂചകങ്ങളുമായ ചില സവിശേഷതകൾ. ആദ്യമായി ശ്രദ്ധയിൽപെടുന്നതു് 'എ'കാരത്തിനും 'ഒ'കാരത്തിനും ദീർഘചിഹ്നം ഉപയോഗത്തിലുണ്ടായിരുന്നില്ലെന്ന വസ്തുതയാണ്. ഇതു് ഇന്നത്തെ നമ്മുടെ ലേഖന രീതിയനുസരിച്ച പറയുന്നതാണ്. ചിന്തിച്ചു നോക്കിയാൽ അറിയാം, ആ സ്വരങ്ങൾക്കു യഥാർത്ഥത്തിൽ ഇല്ലാത്തത് ദീർഘമല്ല, ഹ്രസ്വമാണ് എന്ന്. എകാരഒകാരങ്ങൾക്ക് ഹ്രസ്വം ഇല്ലാത്തതു സംസ്കൃതഭാഷയുടെയും ആ ഭാഷ എഴുതാൻ കേരളത്തിൽ നടപ്പായ ആര്യഎഴുത്തിന്റെയും പ്രകൃതമാകുന്നു. ഇക്കാര്യം മുൻനിർത്തി, ചിന്താവിഷയമായ എഴുത്തുകുത്തുകളുടെ ലേഖനസംസ്കാരം സംസ്കൃതീകരണത്തിന്റെ സ്വാധീനമുള്ളതായിരുന്നു എന്നു നിരീക്ഷിക്കാവുന്നതാണ്. ഇതോടൊപ്പംതന്നെ ശ്രദ്ധിക്കേണ്ട ഒരു സംഗതിയാണ് അരയുകാരം അഥവാ സംവൃതോകാരം കാണിക്കുന്ന ചിഹ്നം. ചിറക്കൽ രാജാവിന്റെ രേഖയിലാണ് ഇതു കാണുന്നതു്. അവയിൽത്തന്നെ സാർവത്രികമായി കാണുന്നില്ലതാനും. ഏതായാലും, സംവൃതോകാരത്തിനു ചന്ദ്രക്കല ചേർക്കുന്ന രീതി ഗുണ്ടർട്ടിന്റെ സംഭാവനയാണെന്ന പൂർവാഭിപ്രായം വീണ്ടു വിചാരമർഹിക്കുന്നു എന്നു സൂചിപ്പിക്കാൻ ഈ രേഖകൾ നിർബ്ബന്ധിക്കുന്നു.(താഴെ 777 (v))അത്രമാത്രമല്ല, സംവൃതോകാരത്തിനു പകരമായി വള്ളി ചേർക്കുന്ന രീതിയും ഉള്ളതായി തോന്നുന്നുണ്ട്.പറഞ്ഞു്, വായിച്ച്, കാരിയത്തിനു് എന്നിവയ്ക്കു് യഥാക്രമം പറഞ്ഞി, വായിച്ചി, കാരിയത്തിനി എന്നിങ്ങിനെ എഴുതുന്നതു് ദൃഷ്ടാന്തീകരിക്കാം.

അക്ഷരം എഴുതിപ്പഠിച്ച ഓലകൾ ഒരുപാടെണ്ണം ഈ ഗ്രന്ഥപ്പെട്ടികളിൽ കാണാൻ കഴിഞ്ഞു. അക്ഷരമാലാപഠനത്തിൽത്തന്നെ മാറ്റങ്ങൾ വരുന്നതിന്റെ സൂചനയായിക്കൂടിവേണം ഇതിനെ മനസ്സിലാക്കുവാൻ എന്നു തോന്നുന്നു. ഹരി-ശ്രീ മുതൽ ക്ഷ വരെയുള്ള അക്ഷരങ്ങളും ഌ, ൡ എന്നീ സ്വരങ്ങളും എല്ലാമടങ്ങുന്ന അക്ഷരമാല ആര്യഎഴുത്തിന്റെ രീതികളെ അനുസരിക്കുന്നു. വട്ടെഴുത്ത്-കോലെഴുത്തു പാരമ്പര്യങ്ങളിൽ നിന്നു ആര്യഎഴുത്തിലേയ്ക്കുള്ള ലേഖനസംക്രമണത്തെയാവാം ഈ ഓലകൾ പൊതുവെ സൂചിപ്പിക്കുന്നതു്. 'ഹരിശ്രീ' എന്നിങ്ങിനെയുള്ള തുടക്കം പഠനത്തിന്റെ കാര്യത്തിൽ ഏർപ്പെടുന്ന ബ്രാഹ്മണീയസംസ്കാരത്തിന്റെ കലർപ്പുകൂടി സൂചിപ്പിക്കുന്നുണ്ട്. എന്നിരുന്നാലും ആ പരിണാമം പൂർത്തി

യായിട്ടില്ലെന്ന് സാമൂതിരിപ്പാടിന്റെ രേഖകളിലെ 'പൂജ്ജറൈക്കോന്റെ തീട്ട്' എന്ന കോലെഴുത്തു വരികൾ കാണിക്കുന്നു.

അക്കങ്ങളുടെ കാര്യത്തിൽ വ്യക്തമാവുന്ന ഒരു അടിസ്ഥാന പരമായ മാറ്റം സ്ഥാനവിലയുടെ പ്രയോഗമാണ്. പത്ത്, നൂറ് എന്നിവയ്ക്കു പഴയ ചിഹ്നങ്ങളുണ്ട്; അതോടൊപ്പംതന്നെ ആയിരം, രണ്ടായിരം, മൂവായിരം മുതലായ സംഖ്യകൾ ൧000, ൨000, ൩000 എന്നിങ്ങിനെ സ്ഥാനവിലയ്ക്കൊത്തു പൂജ്യം ചേർത്തെഴുതുന്ന രീതിയും ഈ രേഖകളിൽ കാണാം.

ചുരുക്കിപ്പറഞ്ഞാൽ സംസ്കൃതത്തിന്റെയും അതിന്റെ ഒരു കൈ വഴിയായി വന്ന ആര്യഎഴുത്തിന്റെയും അതോടൊപ്പം പഴയ വട്ടെഴുത്ത് -കോലെഴുത്തുപാരമ്പര്യങ്ങളുടെയും പഴമകൾ ഈട്ടം കൂടിയ ഭാഷയും ലിപിയും ആണ് ഈ രേഖകളിൽ തെളിയുന്നത്. കറിയ്ക്കുകൊള്ളുന്ന വാക്യരീതിയും എഴുത്തുകുത്തുകളിൽ നാട്ടുവഴക്കങ്ങളിലെ പട്ടുവാമൊഴി കളുടെ പ്രചാരവും ഈ രേഖകളെ ഭാഷാശാസ്ത്രദൃഷ്ട്യാ ശ്രദ്ധേയങ്ങളാക്കുന്നു.

*

കോലെഴുത്ത് മലയാളം രേഖകൾ

ഓറിയന്റൽ മാനുസ്ക്രിപ്റ്റ് വിഭാഗത്തിലുള്ള രേഖകൾ ഗ്രന്ഥങ്ങൾക്ക പാകത്തിലുള്ള മരപ്പെട്ടികളിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഒരേ പെട്ടിയിൽ ചിലപ്പോൾ ഒന്നിലധികം രേഖകൾ ഉണ്ടായിരിക്കും. 766 എന്ന നമ്പറിട്ട പെട്ടിയിൽ എട്ട് ഓലകളിലായി ആറ് രേഖകൾ ഉണ്ട്. ഇവിടെ അവയ്ക്ക് സൗകര്യത്തിനു വേണ്ടി i മുതൽ vi വരെ ക്രമനമ്പർ കൊടുത്തിരിയ്ക്കുന്നു. നോക്കുക, A Cabaton, Catalogue Sommaire des Manuscrits Indien dela Bibliotheque Nationale no.766 (with hand written additions).

1

Indien 766 (i)മലയാളലിപി. കാറ്റലോഗിൽ കൊടുത്ത വിവരണവും ഓലകളുടെ ഉള്ളടക്കവും തമ്മിൽ പൊരുത്തമില്ല. കാറ്റലോഗിൽ ഇങ്ങനെയാണ് Letters de Hyder Ali Ces letters font partie de la collection Picot(Fr.nouv. acq 9001,9005,9007in Malayalam and kolezhuthu)

വരി

1. മയിഅഴിക്കൽവെഹ്മമാന്യപ്പട്ടിരിക്കുന്ന സ്പിക്കൊ മൂപ്പൻ അറിയെണ്ടും അവസ്ഥ മുട്ടുങ്ങൽ
2. വളപ്പിലെ സിയാലി എഴുത്തു കണ്ടുകായ്യമെന്നാൽ ആറായിരം ഉറുപ്പിയാക്കു വെള്ളി
3. പ്പണം എനക്കു കൊട്ടുത്തു വിടുകയും(വെണം)* മുളകിന്റ അവസ്ഥ കൊണ്ടു ഇത്ര പാരം**
4. എന്ന തുപ്പായിയും ഞാനുമായിട്ട പറഞ്ഞിരിയ്ക്കുന്നു. ശെഷം തുപ്പായിനൊട്ടു
5. പറഞ്ഞി കെൾപ്പിയ്ക്കയും ചെയ്യും എന്നാൽ ~നഭധ] ആമത മകരമാസം |* തിയതി

* ഓല തുളച്ചപ്പോൾ കീറിപ്പോയി ** ഭാരം

ഈ ആവശ്യത്തിന്റെ അർത്ഥമറിയാൻ അന്നത്തെ നാണയ വ്യവസ്ഥയെപ്പറ്റി ചില പ്രാഥമിക കാര്യങ്ങളെങ്കിലും അറിഞ്ഞിരിക്കണം. പതിനെട്ടാംനൂറ്റാണ്ടിൽ യൂറോപ്യൻ നാണയങ്ങൾക്ക് ഇന്ത്യയിൽ വിനിമയമൂല്യമുണ്ടായിരുന്നില്ല. യൂറോപ്യന്മാർ വെള്ളിത്തകിടുകൾ കൊണ്ടുവരും. വെള്ളക്കാരുടെ താവളങ്ങളിൽ ചെലവാക്കാനുള്ള നാണയങ്ങളിന്മേൽ നാട്ടുരാജാക്കന്മാർ അവരവരുടെ ചാപ്പകുത്തിക്കൊടുക്കും അതിനു എട്ടു ശതമാനത്തോളം കമ്മീഷനും വസൂലാക്കിയിരുന്നുവത്രേ. രേഖയുടെ കാലത്ത് ദക്ഷിണേന്ത്യയിൽ പ്രചാരത്തിലുണ്ടാ

യിരുന്നത് ആർക്കാട്ട് ഉറുപ്പികയും 'സിക്ക' ഉറുപ്പികയുമായിരുന്നു എന്നു ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പഗോഡ, പണം മുതലായ മറ്റു നാണയങ്ങളും ഉണ്ടായിരുന്നു. പണമെന്നതു ഒരു ചെറിയ വെള്ളിനാണയമായിരുന്നു. പോണ്ടിച്ചേരിയിൽ ഫ്രൻസ്വാ മാർട്ടിൻ ഒരു ചെറിയ പണമടിശാല സ്ഥാപിച്ചിരുന്നുവെങ്കിലും അവിടെ അടിച്ച ചെമ്പുകാശു് പോണ്ടി ച്ചേരിയിൽ മാത്രമേ നടപ്പുണ്ടായിരുന്നുള്ളൂ (M.P.Sridharan, Papers on French Colonial Rule in India, Calicut,1997, p.29)

** ഭാരം

*** 952 മകരമാസം 7

അക്ഷരാഭ്യാസം നേടിയ ആളുടെ കൈപ്പടയും എഴുത്തും ആണ്. എന്നിരുന്നാലും ഭാഷ ഒട്ടുമുക്കാലും വടക്കെ മലയാളത്തിലെ പട്ടുവാമൊഴിയെ അനുസരിയ്ക്കുന്നു. മയ്യഴിപ്രദേശത്ത് മുളകുകച്ചവടത്തിൽ ഏർപ്പെട്ടിരുന്ന മാപ്പിളമാരും ഫ്രഞ്ച് അധികാരികളും തമ്മിലുള്ള കത്തിടപാട്. ഉറുപ്പികയും വെള്ളിപ്പണവും തമ്മിലുള്ള വിനിമയം ശ്രദ്ധേയമാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തെ പാദത്തിൽ കേരളത്തിൽ നിലവിലുണ്ടായിരുന്ന നാണയസമ്പ്രദായത്തെപ്പററി അറിവു തരുന്ന ഒരു രേഖയാണിത്.

*

2

Indien 766 (ii) മലയാളലിപി

വരി

1. എനക്കു എല്ലാ കാരിയത്തിനു ഉടെയെതു ആയെ വലിയെതുപ്പായി അച്ചെന്റെ കണക്ക
2. പ്പിള്ള കണ്ടു കാരിയൊ ഇ(ല്ല)ത്ത കുട്ടി എഴുത്ത എന്നാൽ അച്ചെന
3. * * * *
4. * * * *
5. അവത്ത അച്ചെന്റെ അരിയെത്തു ചെല്ലി
6. എന്റെ കാരിയെത്തിനി അച്ചെന്റെ മ (നസ്സ) ഉണ്ടായിറ്റു
7. എന്ന മൂപ്പെന

3

Indien 766(iii) മലയാളലിപി. വലത്തെ മാർജിനിൽ മഷികൊണ്ട് 166 (xvi)

വരി

1. - ളെയ എഴുത്തു നമ്മുടെ എത്തിരെയു(ം) വിച്ചൊതിച്ചെ
   മ്ഇഎഇ കൊട്ടെഇൽ - - -
2. - - - കണ്ടു കാരിയൊ ആവതു എന്നാൽ
3. ഒളിച്ചി - - - - - - - - - - - - കൊടുക്കാൻ - - - - - - - -
   - - കണ്ടു
4. - - - - - - - - - - - - - - - കൊണ്ടു എഴുതി വന്ന ആളെ

*

4

Indien 776 (iv) **കോലെഴുത്ത്**

വരി

1. ആതിരാചാവു എഴുത്തു. കുറുങ്ങോട്ടു നാഎറു* കണ്ടു
   കാരിയൊം ആവതു എന്നാൽ പെരിങ്ങാടി പള്ളി
   കാളിയാറെ അവത്തകൊണ്ടു തുപ്പാഇനൊടു കൽപിച്ചിട്ടു
   ഇണ്ടു അതുകൊണ്ടു നാ എറു
2. കാളിയാറൊടു - - - ല്ലൊ നാം ഇക്കാരിയത്തിനി ഒരി
   തടവും പറെഞ്ഞി എങ്കിൽ - - - - ത്തെരി
3. ച്ചിട്ടു അവനി കുറ്റൊ ആക കൈ എട്ടു - - - - - ക്കുട്ടു
   എല്ലൊ ആകുന്നു എന്നാൽ
4. അവത്ത കെട്ടതിന്റെ ചെഴൊം ഒരി ആള കല്പിച്ചതിന
   മൂപ്പന്റെ അരിഎത്തു അഎച്ചിട്ടു ഉണ്ടു.

രേഖയുടെ അർത്ഥം പൂർണ്ണമായി അറിയാൻ ഇപ്പോഴത്തെ വായനകൊണ്ടു കഴിയില്ല. എന്നിരുന്നാലും രേഖയുടെ സാരാംശം ഗ്രഹിക്കാൻ വലിയ ബുദ്ധിമുട്ടില്ലെന്നു തോന്നുന്നു. അറക്കൽ ആദി രാജാവും കടത്തനാട്ടിലെ ഒരു പ്രമാണിയായിരുന്ന കുറുങ്ങോട്ടു നായരും തമ്മിലുള്ള കത്തിടപാടിലെ ഒരു രേഖയാണിതു്. കുറുങ്ങോട്ടു നായരും പെരിങ്ങാടി പള്ളിയിലെ കാളിയാറും (പള്ളിയിലെ ഒരു അടിയന്തരക്കാരൻ) തമ്മിലുള്ള ഏതോ തർക്കമോ മറ്റൊ ആണു കാര്യം. അതിനിടയിൽക്കൂടി തെളിയുന്നതു നാട്ടുകാർ തമ്മിലുള്ള കാര്യങ്ങളിലുംകൂടി ഇടപെടുന്ന വൈദേശികശക്തികളുടെ നയമാണു്. നാട്ടിൻപുറത്തെ ഒരു പള്ളിക്കാരനും നാട്ടിലെ ഒരു മൂപ്പനും തമ്മിൽ ഉള്ള തർക്കം തീർക്കാൻ മയ്യഴി

ക്കോട്ടയിലെ തുപ്പായി വേണ്ടിവരുന്നതു കോളനിവാഴ്ചയുടെ ആരംഭത്തെ ത്തന്നെയാണ് വെളിവാക്കുന്നത്. അപ്പോഴും പരമ്പരാഗതവഴക്കങ്ങളും ആചാരങ്ങളും മറ്റും തുടരുകയും ചെയ്യുന്നുണ്ട്. 'തുപ്പായിനോട്ട കൽപിച്ചിട്ട് ണ്ടെന്നും മറ്റുമുള്ള പ്രയോഗങ്ങൾ പഴയ ആചാരങ്ങളുടെ തുടർച്ചയാണ്. എന്നാൽ ആ കൽപനമേൽ തീരുമാനം എടുക്കാനുള്ള അധികാരവും അവകാശവും തുപ്പായിക്കുതന്നെ. അതുകൊണ്ടാണല്ലൊ തുപ്പായിയുടെ അടുത്തേക്കു രാജാവു ആളെ പറഞ്ഞയക്കുന്നത്.

നാഎറു(നായരു്), അഎച്ചിട്ടു(അയച്ചിട്ടു) തുപ്പാഇ(തുപ്പായി), അരി എത്തു (അരികത്തു)എന്നിങ്ങിനെ സന്ധിചെയ്യാത്ത രൂപങ്ങളും കാരി യൊം, കുറ്റൊ, ചെഴൊം ഈ മട്ടിൽ വടക്കെ മലയാളത്തിലെ ഉച്ചാരണ ത്തിന്നൊപ്പിച്ചുള്ള എഴുത്തുരീതിയും കാണിക്കുന്നതു കത്തിടപാടുകളും അതിന്റെ നാനാഘടകങ്ങളും സ്ഥാപനവൽക്കരിക്കപ്പെട്ടുകഴിഞ്ഞു എന്ന കാര്യംതന്നെ. എഴുത്ത് സാമാന്യവ്യവഹാരങ്ങളിലേക്കു വ്യാപിക്കുന്ന തിന്റെ അടയാളവുംകൂടി അതിലുണ്ട്. എഴുത്തും ഭരണകൂടത്തിന്റെ ആഭിമു ഖ്യത്തിലുള്ള കത്തിടപാടുകളും മുൻപേതന്നെ നടപ്പിലുണ്ടായിരുന്നു വെങ്കിലും അതു സാമാന്യജനങ്ങളുടെ ഇടയിലേക്കു ഇറങ്ങിവരുന്നതു ഇക്കാലത്തിന്റെ പ്രത്യേകതയായി കാണണമെന്നു തോന്നുന്നു

* കുറുങ്ങോട്ടുനായരു് മയ്യഴി പ്രദേശത്തെ ഒരു ജന്മിയും നാട്ടു പ്രമാണിയും. ഫ്രെഞ്ചുകാരുടെ ഒരു സുഹൃത്ത്. ഫ്രെഞ്ചുകാർ ഇദ്ദേഹത്തിന്റെ കൈയിൽനിന്നാണ് പല സ്ഥലങ്ങളും വിലയ്ക്കു വാങ്ങിയത്

*

5

Indien 766 (v) കോലെഴുത്ത്. (ഇടത്തുഭാഗത്തു മഷികൊണ്ട് XIV എന്നു ചേർത്തിരിക്കുന്നു.)

വരി

1. വെകുമാനിയപ്പെട്ടെ മഇഎയിലെ മൂപ്പന്റെ പണിക്കാരൻ നാറോളി കുഞ്ഞി അമ്മെ തു എഴുത്തു എന്നാലി പണ്ടാര
2. ത്തിലെ പണിയൊ ഏറകുറ കണ്ടു - - - - - - ആതാരൊ കണ്ട ചരക്കുവിറ്റു
3. പിരിഞ്ഞും ഇല്ലാ - - - - കുറ്റികെളിൽ നെകെവു- - - ചെഇതു അതുകൊണ്ടു

4. അതാരൊ ഞാൻ ഇവിടന്നു തെറ്റി അച്ചെനി വെണ്ടെ കടൊ വിട്ടുവാൻ തക്കെ - - - വഇ വിചാരിച്ചി
5. - - - എന്നു പറെഞ്ഞി വെച്ചിരിക്കെ എന്റെ പാണ്ടി എലെഇല്ലുള്ളെ വത്തു ചൊയികാ
6. തെ മെപ്പടി എട്ടത്തെന്നു കെട്ടു എന്നതിന്റെ ചെഴൊ എനക്കു - സ്സകാഇക്കു വാ പറെഞ്ഞെ - സ്സകാഇക്കു ഇല്ലാ എന്നാലും ഞാൻ (. . .)
7. കടൊ ഞാൻ തന്നെ വീടിക്കണൊ എല്ലൊ. അതുകൊണ്ടു ഞാൻ നടെത്തെ അ- എന്റെ പാണ്ടിഎലെഇൽ തന്നെ - - എന്റെ
8. വത്തു മൊതല്വ എനക്കുതന്നെ തന്നു എന്ന അവിട നിപ്പിച്ചെങ്കിലെ - - എന്ന വരിത്തെന്നു വിച്ചൊതിച്ചു - - അതിനി അച്ചെന്റെ മനസ്സു
9. ഉണ്ടാഇട്ടു എന്ന അവിട നിപ്പിച്ചി ഒരി ആണ്ടെത്തെ തെഴൊ എനക്കു തന്നാൽ അച്ചെന്റെ കടൊ ഒരി എറകുറ ക്കുടാതെ
10. കണ്ടു ഞാൻ വീടി കളെഇന്നതു ഉണ്ടു അതിനി അച്ചെന്റെ മെപ്പടി നെ(ല്) ഇല്ല എന്നു വരുകിൽ ഞാൻ - - - - -
11. എന്റെ - - - - ഇല്ല അച്ചെന്റെ കടൊ വീട്ടുക ഇല്ല അതുകൊണ്ടു ഞാൻ വല്ലെട്ടുത്തു
12. വെകുമാന അച്ചെന്റെ അനുമാതൊ ഉണ്ടാകെയു വെണൊ അതുകൊണ്ടു അച്ചെന്റെ - - - - - ഞാൻ
13. കപ്പിത്താനു അത്തിരെ ഞാൻ എറിഎ
14. കടൊ വീടെണ്ടതു അതിനി ഒക്കെയു അച്ചെന്റെ കിറുപ ഉണ്ടെങ്കിൽ ഞാൻ വീടികളെകയു ചെഇയും എന്നാൽ
15. ഏതു വയി ആകുന്നു അച്ചെൻ കലിപ്പിക്കുന്നു എന്നു വെച്ചാൽ കലിപ്പിക്കുന്നെ വഇ എട്ടുത്തു കടൊ വീട്ടുവാൻ എനക്കു
16. വളെര അപെഴൊണ്ടു എന്ന വെടക്കാക്കാതെ കണ്ടു എനി ഒക്കെയും

17. അച്ചെന്റെ കിറുപ കൊണ്ടു കലിപ്പിക്കു - - - എന്നാലി പടെച്ചെ തമ്പിരാന കുറിച്ചി- - - കിറുപ ഉണ്ടാകെയു (വെണം.)

മഇഎയിലെ=മയ്യഴിയിലെ കടൊ=കടം വഇ=വഴി

പാണ്ടിഎലെഇല്യള്ളെ=പാണ്ടിയാലയിലുള്ള

എറിഎ =ഏറിയ വെടക്കാക്കാതെ=ചീത്തയാക്കാതെ അപെഴൊണ്ടു= അപേക്ഷയുണ്ട് അനുമാതൊ=അനുവാദം സകാഇ= സഹായി

*

6

Indien 766(vi) മലയാളലിപി. മാർജിനിൽ 137 (XVI)

വരി

1. മയ്യെ ഇൽ (ലാഞ്ചി ?) തുപ്പായി കണ്ടു അറെക്കെന്നു കുഞ്ഞിപ്പക്കി
2. എഴുതു കണ്ടുകാരിയൊ ആവതു എന്നാൽ പെരിങ്ങാടിലെ കാളിയെ അട
3. വ - - - ക്കുന്നു അതുകൊണ്ടു തങ്ങളു ഒരി ആളെയും കൂട്ടി അങ്ങെ മൂപ്പെന്റെ
4. അരിഎത്തു അഴപ്പാൻ കണ്ടു ഇരിക്കുന്നു അതു മൂപ്പെനാ ഏപ്പിച്ചി ഇതിന്റെ ഉത്തരൊ
5. എഴുതി കൊടുത്തുട്ടു കാളിയാറ അങ്ങോട്ടു കൂട്ടി അയക്കുന്നെ ഉണ്ടു
6. - - - - തങ്ങെളു കൽപ്പിച്ചിരിക്കുന്നു എന്നാൽ

അഴപ്പാൻ എന്നും അയക്കുന്ന എന്നും രണ്ടും ഒരേ എഴുത്തിൽ തന്നെ കാണുന്നതു് എഴുത്തിന്റെ ക്രമക്കേടല്ലാതെ മറ്റൊന്നുമാവാൻ വയ്യ. രേഖ അത്യന്തം ചെറുതും വിശദാംശങ്ങൾ അങ്ങേ അറ്റം വിരളവും ആകയാൽ രേഖയുടെ പ്രാധാന്യത്തെപ്പറ്റി വിശേഷിച്ചൊന്നും പറയാൻ കഴിയുന്നില്ല

*

7

Indien 777 (i) മലയാള ലിപി

വരി

1. പുന്നുറെക്കോന്റെ തീട്ട* പരുന്തിരെശ മയ്യഴി കൊട്ടെയിൽ ഇരിക്കും മൊസ്സി യൂർ കൊന്ത
2 ദ്ര പ്രാത്ത മൂപ്പൻ കണ്ടുകാരിയമാവത കൊഴിക്കൊട്ടു നിന്ന വാങ്ങി പാർത്ത തിന്റെ ശെഷംഅവസ്ഥകൾ ഒക്കെയും ഒന്നരണ്ടു പ്രാവശ്യം എഴുതി അയെ
3. ക്കയും ചെയ്യുവെല്ലൊ. പരുന്തിരെശ രാജാവിനെ വിശ്വസിച്ച പറെയുംവണ്ണം ഒക്കെ കെട്ടിട്ടും രാജ്യത്തിങ്കൽ ഒരെടത്തും കുടി ഇ
4. രിപ്പാൻ സംഗതി വരാതെകണ്ട ഠരംവണ്ണം അനുഭവിക്ക എല്ലൊ ആയത. ഇനി എംകിലും താമസം കൂടാതെകണ്ട എഉ പ്രകാരെണ എ
5. ങ്കിലും പാളെയം വാങ്ങിച്ച നമ്മുടെ രാജ്യം ഒക്കെയും നമുക്ക അനുഭവിപ്പാൻ തക്കവണ്ണം ആക്കി തരികയും വെണം ശെഷം അവസ്ഥകൾ ഒക്കെയും വാഴെ യൂര മാനി
6. ച്ചനൊട്ടും അടവൂര ഉണ്ണിനമ്പിയൊട്ടും പറഞ്ഞ അയെച്ചിട്ടും (ഉണ്ട) എന്നാൽ നമ്മുടെ സ്വരുപവും പരുന്തിരെശ സെനയുമായിട്ടുള്ള അന്യൊന്യവിശ്വാസം വർദ്ധിച്ച വരെണ്ട തിന്ന വഴിപൊലെ മനസ്സ ചെലുത്തികൊൾക യും വെണം

* കോലെഴുത്തിൽ ശേഷം മലയാള ലിപി

പുന്നുറെക്കോൻ = സാമൂതിരിരാജാവിന്റെ ബിരുദപ്പേരുകളി ലൊന്ന് പരുന്തിരെശ = പരന്ത്രീസ്

ഠരം = ഈ (പഴയ എഴുത്തുരീതി)

*

8

Indien 777(ii) (ഫ്രെഞ്ചിൽ മഷികൊണ്ടു 28 ghe 1773 എന്നു തീയതി എഴുതിയ ഓല letter du prince Cherrequil au comte du prait എന്നും മാർജിനിൽ Fr. nour acq n. 3659 f. 46 എന്നും എഴുതിയിരിക്കുന്നു

മലയാള ലിപി

വരി

1 അരുളിച്ചെകയാലെഴുതിയ തരക പരന്തിരെസ്സ രാജാവിന്റെ സെനക്കുംമ്മെയ്യ്യഴിക്കും മൂപ്പസ്ഥാനമായിരിക്കുന്ന മൊസ്സിയൂർ കൊന്ത ദ്ദ പ്രാത്ത കപ്പി

2 ത്താൻ കണ്ട കാരിയമെന്നാൽ മൂപ്പനമായിക്കാണുന്ന അവസ്ഥക്ക ഒരു പതിനഞ്ചു ദിവസം കഴിഞ്ഞിട്ട ഇന്നെ ദിവസം എന്ന നിശ്ചയിച്ചൊല്ലുകയും ചെയ്യ്യാം അതിലെടക്ക നമുക്ക

3 ഒരിക്കൽ തിരുവങ്ങാട്ട പൊയി വരികയും വെണം അതിനു 18നു നാല്യ മണിക്കാൾ തൊണിയും അതിനു വെണ്ടുന്ന മുക്കുവ രയും കാപ്പൊഴക്കൽ എത്തിച്ചുതരികയും വെണം എന്നാൽ നൊം

4 അങ്ങു ചെന്നിട്ട താമസിയാതെ ഇങ്ങൊട്ടെക്ക വരികയും ചെയ്യ്യും എന്നാൽ കൊല്ലം തൊള്ളായിരത്തനാൽപ്പത്തൊൻപതാമാണ്ട വൃശ്ചികമാസം ധദ്രനു

മണിക്കാൾതൊണി=ഒരു തരം വലിയ തോണി പുരത്തോണിയായിരിക്കാം ഉദ്ദേശിക്കുന്നത്. The ribs of a ship, boat എന്ന് ഗുണ്ടർട്ട് നിഘണ്ടു.

*

9

Indien 777 (iii) Cotiatte au Comte Du Prat എന്നു ലേബലുണ്ട് Cotiatte എന്നത് കോട്ടയം രാജവംശത്തിനു വിദേശികൾ പറയുന്ന പേരാണ്. വാസ്തവത്തിൽ ഇത് സാമൂതിരിപ്പാടിന്റെ എഴുത്താണ്. തുടക്കത്തിൽതന്നെയുള്ള 'പൂന്തുറക്കോന്റെ തീട്ട്' എന്ന പ്രസ്താവനയിൽനിന്നു ഇതു വ്യക്തവുമാണ് .31 Mar 1774 എന്നു രേഖയുടെ തീയതി ഉണ്ട്

വരി

1 പുന്തുറൈക്കൊൻ തീട്ടു* പരുന്തിരെശ മൈയ്യഴികൊട്ടയിൽ
ഇരിക്കും മൊസ്സിയുർ കൊന്ത ദ്ദ പ്രാത്ത മൂപ്പൻ കണ്ടു
കാരിയമാവത എഴുതികൊട്ടുത്തുവിട്ടകത്തും നഭാവുവിന്നും
അവിടെ ഇരിക്കുംന്ന

2 പടക്കപ്പിത്താനും എഴുതി അയ്യച്ചിട്ടുള്ളതിന്റെ പെർപ്പ
എഴുതികൊട്ടുത്തുവിട്ട കടലാസ്സ രണ്ടും വായിച്ച കെട്ടിട്ടും
ശങ്ക രൻ പറഞ്ഞ കെട്ടിട്ടും അവസഥകൾ ഒക്കെയും
മനസ്സിൽ ആക യും ചെയ്യു ഇപ്പൊൾ ഇവിടെ ഞെരുക്ക

3 മായി വന്നിരിക്കുന്ന അവസെഥക്ക നമുക്കും ശെഷം
ഉള്ളവർക്കും അവിടെഒരെട്ടുത്ത ഇരിപ്പാൻ തക്കവണ്ണം ആ
ക്കാം എന്നും അപ്രകാരം നമുക്കബൊധിച്ചു എന്ന
വരികിൽ താമസിയാതെ അറിയുമാറ ആക്കെണം എന്നും
നഭാവു

4 മായിട്ട സമാധാനംവരുത്തി ഇവിടെക്ക ഗുണം വരുത്തെ
ണ്ടുന്നതിന്ന വഴിപൊലെ പ്രയത്നം ചെയ്യു കൊള്ളാം
എന്നും നഭാവുമായിട്ടുള്ള വിശ്വാസത്തിന്ന എഴുതി
അയച്ചത അനു കൂലം ആയിട്ട തന്നെ വരു

5 മെന്നും ഇവിടെനിന്ന പുറപ്പെട്ടുക എന്ന നിശ്ചയിച്ച അറി
യുമാറ ആക്കിയാൽ വഴിയിൽ കൊതക്കെട കൂടാതെ കണ്ട
ഇരിക്കെണ്ടുന്നതിന്ന വെണ്ടുന്ന ഉറപ്പുകള ഒക്കെയും
വരുത്തി ഉരുക്കളും കൊട്ടുത്ത ആളെ അയക്കാ

6 മെന്നും എല്ലൊ കത്തിൽ ആകുന്നു പരദെശി ബെലപ്പെട്ട
വന്ന ഇങ്ങെ രാജ്യത്തിങ്കൽ കടന്ന പാളയം ഇട്ട പാർക്ക
കൊണ്ടഅമ്മയും ശെഷം ഉള്ളവരും കൊഴിക്കൊട്ട
പാർത്താൽ അനർത്ഥമായിട്ട വരുമെല്ലൊ

7 എന്നിട്ട തെക്കെ ദിക്കിൽ ഒരെട്ടുത്ത വാങ്ങി പാർക്ക എന്ന
നിരുപിച്ച പൊന്നാനിവായ്ക്കൽ എഴുന്നള്ളിയതിന്റെ ശെഷം
ഠരം അവസഥക്ക വെണാട്ടുകരെക്ക എഴുതി അയച്ചതിന്ന
മറുപടി വരായ്ക്കകൊണ്ട എ

8 ത്ത പ്രകാരം വെണ്ടു എന്ന നിരുപിച്ചെട്ടത്ത മയ്യഴിനിന്ന
ഇവിടെക്ക വെണ്ടുംവണ്ണം കത്തഎഴുതി വന്നിട്ടുണ്ടല്ലൊ
എ ന്നും ഞെരുക്കംപൊലെ അവിടെ ഒരെട്ടത്തെക്ക
വാങ്ങിപാർ ക്കക എന്നും ഒറച്ച നമ്മുടെ അമ്മയുടെ
എഴുന്നള്ളത്തും ധന്യ ഞായറ ഇരുപത്തഒന്നാംതിയ്യതി
9 അസ്ഥമിച്ചിട്ട കൊഴിക്കൊട്ടെക്ക എത്തുകെയുംചെയ്തു
ഇരുപതാം തിയ്യ ശ്രീനിവാസരായരും പാളെയവും മങ്കരെ
നിന്ന പൊറപ്പെട്ട നാലുകാതംവഴി പടിഞ്ഞാറൊട്ടകടന്ന
ചെർപ്പുള്ളശെരി എന്ന പ്രദെശത്ത പാളെയം ഇട്ട
പാർക്കുന്ന നഭാവു
10 വിന കത്ത എഴുതി അയച്ചതിന്റെ ഉത്തരം കാകിതം
വരുവൊളത്തിന്ന പാളെയം പടിഞ്ഞാറൊട്ട കടന്ന
പൊകാ തെകണ്ട പിന്നൊക്കം വാങ്ങി പാർക്കെണം
എന്നും കാരിയം കൊണ്ട ഒക്കയും പറഞ്ഞവെച്ച
യൊജ്യതവരുത്തി വെക്കാ മെന്നും ശ്രീനിവാസരായർക്ക
ക
11 ത്തും എഴുതി മൂപ്പന്റെ ആളുകളയും ശങ്കരനെയും രാപക
ലായിട്ട പൊന്നാനി വായ്ക്കലെക്ക അയെക്കയും വെണം
ഇതി ന്റെ ശെഷമായിട്ട വെണ്ടുന്ന കാരിയങ്ങൾ കൊണ്ടും
ഇവിടെ ക്ക ഗുണം വരുവാനായിട്ട
12 സഹായംചെയ്യുന്ന അവസ്ഥക്ക പരിന്തിരെശ സെനയു
മായിട്ടുള്ള വിശ്വാസത്തിന ഒറപ്പുകൾ വരുത്തെണ്ടുന്നതു
കൊണ്ടും നിരുപിക്കെണ്ടതിനെ നിരുപിക്കാൻ അള്ളമ്പു
ള്ളര രാമനയും കിളിയനായി
13 ട്ട വിക്കിരവനെയും ശങ്കരനൊടുകുട അങ്ങൊട്ട അയെച്ചിട്ടും
ഉണ്ട അവസ്ഥപൊലെ കൊഴിക്കൊട്ട നിന്ന വാങ്ങി
പാർക്കെണ്ടുന്നതിന്ന അങ്ങൊട്ട എഴുതി അയച്ചാൽ
അപ്പൊഴെ വെണ്ടതിനെ
14 തടവു തിർത്ത കൊടുത്ത അയക്കയും വെണം കെഴക്കും
തലെക്കൽ കൊറയ സാവധാനം ഉണ്ടായാലപ്പൊഴെ

ഇനിയും അതിന തക്കവണ്ണം ഉള്ളവരിൽ ചിലരെ മയ്യഴിക്ക അയക്കുന്നതും

15 ഉണ്ട എന്നാൽ നമ്മുടെ സൊരുപവും പരന്തരിശ സെനയും ആയിട്ടുള്ള അന്യൊന്യ വിശ്വാസം വർദ്ധിച്ച വരെണ്ടുന്നതിന്ന വഴിപൊലെ മനസ്സ ചെലുത്തുകയും വെണം

* കോലെഴുത്തിൽ ശേഷം മലയാള ലിപി

*

10

Indien 777 (iv) പൊതിഞ്ഞ കടലാസ്സിന്മേൽ 3659 f 47 Indien 132 എന്ന് എഴുതിയിരിക്കുന്നു.

മലയാള ലിപി

വരി

1 കുറുങ്ങൊട്ടു നായര കയിയ്യാൽ ഒല മൈയ്യഴിക്കെൽ വലിയ ഉപ്പായി കണ്ട നൊക്ക എത്ത്രയു(ം) ബഹുമാനപ്പെട്ട ഇരി

2 ക്കുന്ന മൂപ്പെന ഗ്രഹിപ്പിക്കെണ്ടു(ം) അവസ്ഥ ഇങ്ങു കിട്ടെണ്ട കലിപ്പന പണത്തിനു കടം വായിപ്പ പണ ത്തിനു(ം) ഇങ്ങു തുമ്പു ഉള്ളടത്തു

3 ഞ(ചെല്ലുന്നെരം നമ്പിയാമ്മാര പലെ ഉഴവും എന്ന വെടക്കാക്കുകയു(ം) ചെയ്യിന്ന ആയതിനി ഒക്കയു(ം) ഇങ്ങുന്ന ഒഴി

4 ഞ്ഞി ഒഴിഞ്ഞൊണ്ട പൊരുക അത്ത്രെ ചെയിന്ന ഇങ്ങുന്ന ഒഴിന്നടത്തൊളം അവരനമ്മള വെടക്കാക്കുക അത്ത്രെ ആകുന്നു വിശെ

5 ഷിച്ചിട്ട ഇപ്പൊൾ ഇങ്ങു കലിപ്പനയു(ം) കടം ബായിപ്പയു ഉള്ള അതിറ്റ(ാ)ൽ ഒരി പറമ്പത്ത ഇങ്ങുന്ന വിരൊധിച്ച അതിന്റെ ശെഷം കെ

6 ഴക്കെടത്തെ നമ്പിയ്യാറ ആ വിരൊധം എടുത്ത വഴലിൽ ഇട്ടുകളകയു(ം) ചെയിതു അവിട വെലപ്പെട്ട ആളുകെള

7 യു(ം) കുട്ടി വന്ന നിന്നിറ്റ ഉണ്ട ആയത കൊണ്ട പരന്തിരിയെസ്സ രാജകൽപനക്ക

8 എന്ന രക്ഷിച്ചൊണ്ടു പൊരുന്ന അവസ്ഥകെൾ ഒക്കയു ?) മൂപ്പനു വഴി ൭?ാ ലെ) മനസ്സിൽ ആയിരിക്കുന്ന? ആയത കൊ

9 ണ്ട മൂപ്പന്റെ മനസ്സ എന്നൊട്ടു(ം) എന്റെ തറവട്ടൊട്ടും ഉണ്ട എങ്കിൽ ഇതിന്റെ ഉത്തരം ഞാൻ അവരൊ

10 ട്ടു ഒന്നു(ം) ഞാൻ കാണിക്കാത്ത പെ(ാ)ലെ കാര്യത്തിനു ഞാൻ അവെരൊട്ടു ഒഴിഞ്ഞി പൊരണ്ടി വരുമല്ലൊ ഒഴിഞ്ഞാൽ ഒഴി

11 യാൻ ഉള്ള നെരമല്ലെ എനക്ക ഉണ്ടാകു ആയത കൊണ്ട ഇ (അ)വെസ്ഥ മൂപ്പൻ ഗ്രഹിച്ചി ഇരിക്കെയു(ം) വെണം എന്നാൽ കൊ

12 ല്ലൊ ൯ൻ൯* ചെന്ന ധനുമാസം ൧൫** എഴുതിച്ച ഒല

വിരൊധം= തോല്വകുത്തുക എന്നും പറയും നികുതി, പാട്ടം, കടംവാങ്ങിയ മുതൽ എന്നിവ കൊടുക്കാഞ്ഞാൽ കിട്ടാനുള്ളവർ വീഴ്ചവരുത്തിയ ആളുടെ ഭൂമിയിൽ എന്തെങ്കിലും ഒരടയാളം വെയ്ക്കുന്ന പതിവുണ്ടായിരുന്നു.അതിനു പറഞ്ഞിരുന്ന പേരാണ്'തോല്വകുത്തൽ'. സാധാരണയായി ഇലകളോട്ടുകൂടിയ ഒരു മരക്കമ്പോ, ചില്ലയോ മറ്റോ ആണ് ഇങ്ങനെ നാട്ടുന്നത് അതുകൊണ്ടാണ് തോല്വകുത്തുക എന്ന പേരുവീണത്.

കലിപ്പന (കൽപന) = അങ്കം ചുങ്കം ആദിയായി നാട്ടുവാഴികളുടെയും ദേശവാഴികളുടെയും ഭണ്ഡാരത്തിലേയ്ക്കുള്ള വരുമാനങ്ങളിൽ ഒരിനം. മറ്റു ചില നാട്ടുവാഴികളുടെ കൽപനപ്പിരിവിനെക്കുറിച്ചുള്ള വിവരങ്ങൾക്കു കാണുക, രാഘവവാരിയർ, *സ്ഥാനാരോഹണം: ചടങ്ങുകൾ* വള്ളത്തോൾ വിദ്യാപീഠം, ശുകപുരം 2005, പു. 56, 103

ഉമ്പ് = തെളിവ് എന്നോ, അടയാളം എന്നോ ഒക്കെയാണ് പദത്തിന്റെ അർത്ഥം. ഇവിടെ, പണയം എന്നോ ഉറപ്പ് എന്നോ ആണ് സന്ദർഭത്തിനു യോജിച്ച അർത്ഥം

* 949 ** 15

*

11

Indien 777(v) മലയാള ലിപി

വരി

1 അരുളിച്ചെയ്ക മഹാരാജാവിന്റെ സെനക്കും മൈയ യിക്കും മലങ്കരക്കും മൂപ്പസ്ഥാനമായിരിക്കുന്ന

2 മുസ്സ്യൂയ്യൂർ കൊന്ത ദ്ദുപ്രാത്ത് കണ്ടു കാര്യമാവത്* ഇപ്പൾ ഇവിടെയുണ്ടാ യ വർത്തമാനം നഭാവിന്റെ ആളുകൾ - - ൫

3 ക്കാലി കൽപിച്ചിട്ട നാലയിയ്യായിരം ആളും വാത്ര സായിപ്പും മായിൻ മൂപ്പനും പത്തഞ്ഞൂറാൾ മലയാളനും മൂന്നാച്ചു

4 ലെ നിയോഗത്താൽ എല്ലാരുമായി ചെന്നു കരണിയന്റെ നാട് കരക്കമലയും പൗണ്ടിലും സ്വാധീനമാകയും ചൈ

5 ചതു നഭാവു അവിടുത്തെക്കു വന്നിട്ടുണ്ടന്നുംകെട്ടു എനയ ത്തെ വരവ അള്ളടത്ത നാട്ടിലെ തന്നന്നും കെൾ

6 ക്കുന്നു മൂന്നാച്ചുലും ഏതാഞ്ചില തറവാട്ടുകാരും നമുക്കു വിപരീതമായിട്ട നിക്കുന്ന ആളുകളല്ലൊ അതിൽ കൂടി വരുന്നതും അതുകൊ

7 ണ്ടു പല പ്രകാരെണയും വിചാരിച്ചടത്ത് ഇവിട നമു ക്കൊരു നിപ്പു കാണുന്നതുമില്ല പരന്തിർയ്യസ്സു വംശവും മടത്തിൽ കുലൊത്തിന്നുമാ

8 യി നടെ വിശ്വസിച്ചു നിന്ന പ്രകാരം നമ്മുടെ സ്ഥാനം ഒറപ്പിച്ചു നമ്മ അവിട കുടിയിരിത്തിയക്കയും വെണം ശെഷം വർത്തമാനം ഒക്ക

9 യും സാധനം കൊണ്ടുവന്നാൾ തിരിച്ചു പറഞ്ഞു ബൊധി പ്പിക്കയും ചൈയും എന്നാൽ മീനമാസം 11ന എഴുതിയത

*ഈ രേഖയിൽ ഏതാനും ചിലേടത്തു ചുരുക്കമായി കാണുന്ന സംവൃതോകാരത്തിന്റെ ഉപയോഗം ശ്രദ്ധേയമാണ്

നീലേശ്വരം തലസ്ഥാനമായി നിലവിലുണ്ടായിരുന്ന സ്വരൂപ സ്ഥാനം ആയിരുന്നു അള്ളടത്തുനാട്.

*

12

Indien 777 (vi) * കോലെഴുത്തിൽ ശേഷം മലയാളലിപി

വരി

1 പൂഞ്ഞുറൈറെക്കൊൻ തീട്ടു* മയ്യഴി കൊട്ടയിൽ ഇരിക്കും പരുന്തിരെശ മൂപ്പൻമൊസ്സിയുർ കൊന്ത ദ്ദ പ്രാത്ത കണ്ടു കാരിയമാവത കൊട്ടുത്തുവിട്ട കത്തും വായിച്ച

2 കെട്ട അവസഥയും അറിഞ്ഞു വെപ്പകള എഴുതി കൊട്ടു ത്തുവിട്ട കടലാസ്സ തുപ്പായിമാരുടെവക്കൽ ഒപ്പിട്ട കൊട്ടുക്ക യും ചെയ്യ കൊടികള കുത്തുവാൻ വെച്ചതിൽ കൊട്ടെയിൽ കുത്തി ശെഷംഉള്ളെ

3 ട്ടത്ത മകരഞ്ഞായെർ മൂന്നാന്തിയ്യതി കുത്തുവാൻ തക്കവണ്ണം വെണ്ടുന്ന ആളുകളെ തുപ്പായിമാര ഇവിടെ തരികയും ചെയ്യ പാളെയം ഏറനാട്ടുകരക്ക കടക്കയും ചെയ്യ പാളെയം വരുന്നതി

4 നെ നൃത്തുവാൻ വെണ്ടുന്ന ആളുകളെയും കൂട്ടിക്കൊണ്ടു വെഗെന കോഴിക്കൊട്ടെക്ക വരികയും വെണം കൂട്ടിവരുന്ന ആളുകൾക്ക ചിലവിന ഇവിടെ തടവു തീർത്ത തരികയുമാം. ശെഷം ഗുണദൊഷങ്ങള ഒ

5 ക്കെയും തുപ്പായിമാരൊട പറഞ്ഞയെച്ചിട്ടും ഉണ്ടു താമസിയാതെ കൂട്ടിക്കൊണ്ടു പോരെണ്ടുന്നതിന്ന വെ ണ്ടുന്ന ഉരുക്കളും തടവുതീർത്ത അകമ്പടിജ്ജനത്തിൽ വെണ്ടത്തക്കതിൽ നാല ആളെയും അള്ള

6 ന്വത്തുര രാമനെയും അങ്ങൊട്ട അയെച്ചിട്ടും ഉണ്ട എന്നാൽ നമ്മുടെ സ്വരൂപം പരുന്തിരെശ സെനയുമാ യിട്ട ഉള്ള അന്യൊന്യവിശ്വാസം വർദ്ധിച്ചവരെണ്ടു ന്ന തിന്ന വഴിപൊലെ മനസ്സ ചെലുത്തികൊള്ളുകയും വെണം

മൈസൂർ ആക്രമണത്തിന്റെ ഭീതി പരത്തിയ പശ്ചാത്തലത്തിൽ വേണം ഈ കത്തിനെക്കുറിച്ചു ചിന്തിക്കുവാൻ . ഫ്രെഞ്ച് കപ്പിത്താന് ഹൈദെരാലിയുമായി നല്ല ബന്ധത്തിലാണെന്നള കൊണ്ടു സാമൂതിരിപ്പാടു ആവഴിക്കു തൽക്കാലം യുദ്ധം ഒഴിവാക്കാമേ

എന്നൊരു ശ്രമം നടത്തി നോക്കുകയാണ്. കൊടി കുത്തുന്ന തിനെക്കുറിച്ചുള്ള പരാമർശത്തിനു അപ്പോൾ അർത്ഥം കനപ്പെടുന്നു. ഫ്രെഞ്ച്കാരുടെ കൊടിനാട്ടിയാൽ അതു തിരിച്ചറിഞ്ഞ് ഹൈദർ മട ങ്ങിപ്പോയ്ക്കൊള്ളുമെന്നാണ് സാമൂതിരിപ്പാടിന്റെ കണക്കുകൂട്ടൽ എന്നു തോന്നുന്നു. * കോലെഴുത്തിൽ

*

13

Indien 777(vii) മലയാളലിപി ഒറ്റ ഓല. തുടക്കവും ഒടുക്കവും ഇല്ല. മാർജിനിൽ ൨ എന്നുകാണുന്നു.

വരി

1 ധിപ്പാറായെല്ലൊ ആയത കൊ(ല?)പെരുമാളും ഭഗവതി യുടെയും പരദെവതമാരുടെയും
2 തിരുവളംകൊണ്ട നമുക്കെങ്കിലും പരന്തിരെസ്സവംശത്തി നെങ്കിലും ശക്തി ഉണ്ടാകുന്നെ(ടത്ത) ഒരി മനസ്സായി
3 നിന്നു പ്രെത്നം ചെയ്കയും വെണം ആയത എപ്പൊഴും മന സ്സിലുണ്ടായിരിക്കുകയുംവെണം പരന്തിരെ
4 സ്സ വംശത്തിന്റെയും പുറവഴിയാ* സ്വരൂപത്തിന്റെയും ശത്രു ഒന്നു തന്നെ എന്നമനസ്സിൽ ഉണ്ടായി
5 രിക്കണം ഇപ്പഴത്തെ അവസ്ഥ പൊലെ സഹായഉപാ യങ്ങൾ പരന്തിരെസ്സ വംശത്തന്ന ചെയ്തു തരികെയും
6 വെ ശെഷം സാരങ്ങളായിട്ടുള്ള അവ(സ്ഥ)കൾ ചെലത കത്തുംകൊണ്ടവന്ന ആളൊടു ചൊല്ലിവിട്ടിറ്റു ഉണ്ട
7 കാർയ്യത്തിന്റെ ഉപെക്ഷ കൊണ്ടാകുന്നു ഇ(ത്ര) താമസിച്ചു പൊയത എന്നു മൂപ്പനെ ബൊധി(പ്പി)ക്കയും വെണ്ട ഇ
8 പ്പഴത്തെ കുരുസെരി കൊണ്ടത്രെ ഇത്ര താമസിച്ചത ആകുന്ന ശെഷം ഒക്കെയും ചൊ(ല്ലി) വിട്ടിറ്റു ഉണ്ട

തൃപ്പാപ്പൂര വലിയ രാജാവിൻെററ തിരുവുള്ളത്തിൽ ഏററെണ്ടുമവസ്ഥ കുറവലങ്ങാട്ട പള്ളിക്കൽ മർയ്യാദയൊട മറുതലിക്കിന്ന ചിലർ ഉണ്ടാക്കിയ കുഴപ്പ(ം)കൊണ്ടും നാശംകൊണ്ടും തിരുമനസ്സറിയിച്ചാറെ വെണ്ടുംവണ്ണം തിരുമനസ്സണ്ടായി നാം പ്രമാണിച്ചാളുകൾ പള്ളിടെ കാർയ്യം അന്വെഷിക്കണമെന്ന ഏററുമാനർ കാർയ്യക്കാർക്ക നീട്ട എഴുതി അയച്ചിട്ടും നമ്മുടെ പാദ്രിക്കുടെച്ചെന്ന ഇക്കാർയ്യം വിചാരിച്ചിട്ടും രാജാവിൻെററ കല്പന പൊലെ ഒക്കയും നടത്തിത്തരാമെന്ന പറഞ്ഞു അവണ്ണംതന്നെ ചെയ്യുമെന്ന പാതിരിയെത്തൊന്നിപ്പിച്ച പ്രവൃത്തി കൊണ്ട ഒന്നും നിവൃത്തിച്ചതുമില്ല നാം പ്രമാണിച്ചാളുകളെ നടത്തുന്നുമില്ല സിദ്ധാന്തി ഒരുത്തൻ മുൻപിൽ പൂട്ടിയ പള്ളിയുടെ പൂട്ടുതുറക്കാതെയും കണ്ട നാം പ്രമാണിച്ചവർക്ക താക്കൊൽ ഏല്പിയാതെ കണ്ടും മുൻപില ത്തെപ്പൊലെതന്നെ ചെല്ലുന്ന കാർയ്യക്കാരൻ രാജാവിൻെററ കല്പനപ്പൊലെ നടത്താതെ സിദ്ധാന്തികളുടെ മനസ്സപൊലെ ആധാരണ ചെയ്യിന്നത എന്തുകൊണ്ടന്ന നാം അറിഞ്ഞില്ല തിരുമനസ്സ വിചാരിച്ചാൽ അറികയുമാം എപ്പൊഴും ക്കുടെക്കുടെ എഴുതി അയച്ച തിമനസ്സം വെറുപ്പിപ്പാൻ നമുക്ക മനസ്സില്ലംകിലും ഇങ്ങനെയുള്ള നാശവും കുഴപ്പവും കണ്ടാൽ അറിയിക്കുകയുന്നും വന്നുവല്ലൊ ശെഷം പള്ളിക്കാരർ നടക്കുന്ന മർയ്യാദപൊലെ തിരുമനസ്സണ്ടായി കൽപിച്ച അവിടെയും നത്തിത്തന്നുവെംകിൽ കുഴപ്പം ഛെദവും വരാതെയിരുന്നെനെ പ്രവൃ ത്തിയലെ കല്പനപൊലെ ഒന്നും ചെയ്യാതെകണ്ട നമ്മെ ബൊധിപ്പിപ്പാൻ സർവാധികാർക്കാരൻ നമുക്ക എഴുതിയയച്ച സാധനത്തിൻെററ പെർപ്പ ക്കുടെ കൊടുത്തയക്കുന്ന തിരുവായിസ്സും വസ്വസ്ഥനവും മെൽക്കുമെൽ വർദ്ധിച്ചിരിക്കട്ടെ

10

നാം മാർപ്പാപ്പാരെസിയൊസ തമ്പുരാൻെറ ഗുണത്താല്യം ശുദ്ധമാന രൊമാപള്ളിയുടെ പ്രമാണത്താല്യം അരെയൊപ്പൊലിസ എന്ന മെത്രാൻ മലാംകരഇടവകക്കും കൊച്ചി ഇടവകക്കും വിഗാരിഅപ്പസ്ഥൊലിക്കായിട്ട വാഴുന്നതിനെകൊണ്ട നമ്മുടെ ഇപ്രമാണം കാണിന്നവർക്കും വായിക്കിന്നവർക്കും കെൾക്കിന്നവർക്കും ഉടയതമ്പുരാനാൽ സ്വസ്ഥാനം അറിയിക്ക ആയത ഇഹലൊകത്തില്യള്ള പള്ളികളുടെ പരിപാലനം ഒക്കയും ഒന്നുപൊലെ ക്ലെശിപ്പാനും നടത്തുവാനും മെത്രാന്മാർക്കടുത്ത പ്രവൃത്തി ആകിന്നു ഒരുത്തൻ പ്രത്യെകമായിട്ട പള്ളി വൈപ്പിച്ചുവെം കില്യം അതിൻെറ വർദ്ധനക്കും ഗുണത്തിന്നും പ്രയത്നം ചൈകയല്ലാതെ ദ്രവ്യം സൂക്ഷിപ്പാനും പള്ളിക്കാർയ്യം നടത്തുവാനും അവന്ന സ്ഥാനമില്ല കറവലങ്ങാട പള്ളിയിൽ മുൻപിനാലെതന്നെ ചിലരിടെ ആ മർയ്യാദ സിദ്ധാന്തസ്ഥാനം ഉണ്ടന്ന കരുതികൊണ്ട പള്ളിയുടെ ദ്രവ്യനാശവും മൊഷ്ടിതവും വരികകൊണ്ട അങ്ങനെ വരാതെ മെലിലൈക്ക ഗുണമായിചെല്ലുവാൻ യൊഗത്തൊട്ടുകടെവിചാരിച്ച പതിന്നാൽ പെരെ കല്പിച്ചത ആമർയ്യാദ സിദ്ധാന്തികൾ കാരണമായിട്ട വെണ്ടുവണ്ണം നടക്കാതെ ആയിപ്പൊകകൊണ്ട കഴിഞ്ഞ ചിങ്ങമാസത്തിൽ യൊഗത്തെ നാം വരുത്തി പള്ളിയുടെ കണക്കു ഒരുപ്രകാരം കെട്ട പതിന്നാൽവരിടെ താക്കൊൽകളും വൈപ്പിച്ച യൊഗമായിവിചാരിച്ച എണ്മരെ കല്പിച്ച താക്കൊല്യകളും കൊടുത്തയച്ചാറയും പനംകഴെ കരിയ ഐപ്പകത്തനാരവിടെ ധീക്കരമിച്ച ചെന്ന പള്ളിയുടെ താക്കൊല്യം എടുത്തുകൊണ്ട പ്രവൃത്തിക്കാരനെപ്പൊലെ കല്പനകൂടാതെ അയാളുടെ സിദ്ധാന്തത്തിന്ന ഒത്തവണ്ണം പള്ളിയുടെ ദ്രവ്യം എടുക്കയും നടത്തുകയും ചൈയ്യിന്നു ഇപ്രവൃത്തി ശുദ്ധമാനപള്ളിയുടെ സുനഹദൊസൊട്ടും മെത്രാൻെറ ശ്രുപതസ്ഥാനത്തൊട്ടും മറുതലിച്ച ഏററം വ്യാപരിക്ക കൊണ്ടും ഠരംവണ്ണമുള്ളതിനെ മാററണമെന്ന രണ്ടമുന്നുഴം അറിയിച്ചത സംവദീരായ്ക്കകൊണ്ടും ഇ ചൈത നെരുകെട്ടിന്ന നമ്മുടെ മുൻപാകെ ബൊധംവരുത്തുവുളത്തെക്ക നമ്മുടെ ഇ എഴുത്തുപ്രമാണത്താൽ അയാൾക്ക നാം വലിയമഹറൊൻ വിളിച്ചു ചൊല്ലിന്നു ആയാളൊട്ടുകൂടെ ഒരുത്തെരും ഗുണ ദൊഷമൊന്നിന്നും കൂടുകയുമരുത

ഇത 1762ാംകാലം മെടമാസം 8 വരാപ്പുഴെ നമ്മുടെ മാർ യൗസെപ്പ പുണ്യവാളൻെറ പള്ളിയിൽനിന്ന എഴുത്ത

11

മിശിഹാ പെറന്നിട്ട 1697 ആംകാലത്തെ ബ്രിച്ചികമാസത്തിലെ 13 ദിവസി വരാപ്പൊഴെ പള്ളിക്കൽ ബെച്ച മലങ്കരെ വാണിയിരിക്കുന്ന മത്തെയൊസ ദെക്കാമ്മ അറക്കെദിയാക്കു അച്ചെൻററയും കർമലിത്ത പാദിരിമാരുടെയും മുമ്പാഗെ എററെനാംകളത്തെ പള്ളിപണീപ്പാനും തുക്ഷിപ്പാനും ആയിട്ട എഴുതി ബെച്ചട്ടും അപ്പടത്തെ ലൊകരൊക്കെ ഇന്നുതൊട്ട നടപ്പാൻ തക്കവണം സമ്മദിച്ചിട്ടും ഇദ ആകുന്നത

1ഇപ്പൊൾ കല്പിച്ചാ പള്ളി പൊർത്തിക്കാരെര നാലെരും കാലത്താലെ എല്ലാവെരും കൂടെ നിരുവിച്ചിട്ട .. ക കണക്ക കെല്പിച്ചിട്ട അച്ചെനൊടാ പെക്ഷിച്ചിട്ട പലെർക്കും ചെരുന്നപൊലെ മലങ്കരെ എടവകെയിലെ മരിയാദിക്ക തക്കവണം മാറി കൽപിപ്പാൻ

2പള്ളിയെടെ വികാരിയെനെ കല്പിപ്പാൻ എല്ലാവെരുംകൂടെ നിരുപിച്ച അച്ചെൻററ അനുവാസം ഒണ്ടായിരിക്കെയുംബെണം

3വികാരിയെടെ ചെലവിന്ന ലൊകെര കൂടിട്ട എടുത്തകൊട്ടുക്കെയും ബെണം

4അച്ചെൻററ ബീട്ടും ബീട ഇരിക്കുന്ന പറമ്പും എന്നിയെ ഒള്ള നെല്ലും പറമ്പും ഒക്കെയും ചെഴം ബെരവുകെൾ കൊണ്ട പള്ളിപണിചെയികെയും കാലത്താലെ പള്ളിയെടെ ബെരവിൽനിന്ന നൂററൊന്ന പണം അച്ചെന്ന കൊട്ടുക്കെയും ബെണം പൊരാത്തദിന്ന അവെര മനെസ ചെലുത്തി ദെരവിയം ഒണ്ടാക്കി പണിക്കെയും ബെണം ഇതിൽ എഴുതിബെച്ച ബെയ്പിന്ന നീക്കം വരാതെയിരിപ്പാൻ താക്ഷിപെട്ടവെറകൈയൊപ്പ ഇട്ടു

12

മാറാനീശൊമിശിഹായുടെ(ട)ശുദ്ധമാന മാണിക്കമായ ചൊരയിൽ വഴങ്ങപ്പട്ട ശുദ്ധമാന മാതാവായ പള്ളിയുടെ തലവനും പട്ടാങ്ങയായ ഇടയവനും ശുദ്ധമാനപള്ളി വഴക്കം ചൈതുള്ള വിശ്വാസക്കാരരാകിന്ന നസ്രാണികൾ ഒക്കയ്ക്കും പട്ടാങ്ങയായ ആത്മബാവായായി മാർപത്രൊസിൻെറ അനന്തരവത്വം വാണിരിക്കിന്ന ശുദ്ധമാന മാർപ്പാപ്പാടെ തിരുവില്ലത്തിൽ എററെണ്ടുമവസ്ഥ മലയാളരാജിത ങ്ങളിൽ മലംകരെ ഇടവകകളിൽ അങ്ങെ പ്രമാണാൽ മലംകരയിടവകകളടെ മെത്രാപ്പൊലിത്തായുടയും വിഗാരി അപ്പസ്ഥൊലിക്കയുടയും കീഴ വഴങ്ങി അവരിടെ ചൊൽവിളിത്തൊത്തവണ്ണം* ശുദ്ധമാനപള്ളിക്ക വഴക്കംചൈത ശുദ്ധമാനസുനഹദൊസിലെ കല്പനപൊലെ സംവദിച്ചിരിക്കിന്ന നസ്രാണികളാകിന മലംകര ഇടവകക്കാരർ എല്ലാവരുംകൂടി യൊഗസത്യത്താൽ എഴുതിയ കുറിയിത എന്നാൽ ഞങ്ങളുടെ ആത്മാവുകളടെ

രക്ഷയ്ക്കടുത്ത വിശ്വാസം ശുദ്ധമാനപള്ളി വിശ്വസിച്ച ഞങ്ങളെ പഠിപ്പിക്കിന്നപൊലെ കീഴ് വഴങ്ങി ശുദ്ധമാന പാപ്പായുടെ പ്രമാണത്തിന്ന ഒത്തവണ്ണം നടപ്പാൻ ഞങ്ങൾ ഒക്കയും നിർണ്ണായിച്ച മിശിഹാതംപുരാൻെററ മാർഗ്ഗത്തെ പ്രതികരിപ്പാനും സർവ്വതും ഉപെക്ഷിച്ചും ആത്മരക്ഷാർത്ഥം അന്വേഷിപ്പാനും മിശിഹാതംപുരാൻെററ അരുളപ്പാടാകിന്നതിനെ കൊണ്ട അങ്ങെക്കല്പന

* ചൊൽവിളിയ്ക്കൊത്തവണ്ണം എന്നുവായിയ്ക്കുക

1 3

നാം മാർഅളൊയിസിയൊസ ഉസുലയെന്ന മെത്രാൻ മലംകരയിടവകയ്ക്കും കൊച്ചിയിടവകയ്ക്കും വിഗാരി അപ്പ സ്ഥെഫാലിക്കാ എഴുത്ത തൃപ്പാപ്പസ്വരൂപത്തുംകൽ വലിയതംപുരാൻെററതിരുവുള്ളത്തി ലെറെറണ്ടും അവസ്ഥാ -

മഹാരാജാവിൻെററ നാട്ടകത്ത വസിക്കുന്ന നസ്രാണികളിടെ വെദകാര്യ്യങ്ങളെ നാം പാദ്രിയായി 22 സംവത്സരം വിചാരിച്ചാറെ ഇപ്പൊൾ നാം നമ്മുടെ വെദതലവൻെററ കല്പനയാലെ ഉസുലയെന്ന മെത്രാൻമായി മലംകരയിടവകയ്ക്കും കൊച്ചിയിടവകയ്ക്കും വിഗാരി അപ്പസ്ഥെഫാലിക്കയുമായി വരാപ്പുഴെ വന്ന മകരമാസം 15 ക്രിയയും കഴിച്ച നസ്രാണിജനവെദകാർയ്യങ്ങളെയും പള്ളികളിടെ മെൽവിചാരവും എൾക്കയും ചെയ്തു ആയതിന്ന വരാപ്പുഴെ മെത്രാമ്മാർക്ക മഹാരാജാവ കിഴ്മർയ്യാതകൽപ്പിച്ചുകൊട്ടുത്തുവരുന്ന സഹായങ്ങളും തിരുവുള്ള കടാക്ഷവും പ്രത്യകം നമ്മുടെമെൽ ഉണ്ടാകണമെന്നും മഹാരാജാവി തിരുമനസ്സുണ്ടായിട്ട വെദകാർയ്യങ്ങളെ നടത്തിച്ചുതരണമെന്നും നമ്മുടെ അപെക്ഷയാകുന്നത ഠംശ്വരതിരുവുള്ളവും തിരുമെനിക്ക ആരൊഗ്യവും ശത്രുഹരവും രാജ്യവർദ്ധനവും ദെഹിസുഖവും മഹരാജാവിന്ന മെൽക്കുമെൽ ഉണ്ടാകതക്കവണ്ണം നാം നമ്മുടെ നിത്യദൈവത്തിൽ സകലഗുണകാരണമായിരിക്കുന്ന ഠംശ്വരനൊട്ട നാം പ്രാർത്ഥിക്കയും ചെയ്യും കൃതാർത്ഥതയും തിരുവയിസ്സും വർദ്ധിച്ചിരിക്കട്ടെ

1 4

നിനവ്വ

വരാപ്പുഴെ മെത്രാൻ കണ്ടു 26 ഫവ 1780 കൊട്ടുത്തുട്ട കടദാസും വായിച്ചുകെട്ട അവസ്ഥയും അറിഞ്ഞു മെത്രാൻ ഇപ്പൊൾ വരാപ്പുഴെ വന്ന നസ്രാണികളടെ മാർഗ്ഗമർയ്യദ വിചാരിച്ചു നടത്തിവരുന്ന പ്രകാരം

എഴുതിവരികകൊണ്ടു നമക്കു എത്രയും വളരെ സന്തോഷമാകയും ചെയ്തു കീഴമര്യ്യദപൊലെ മാർഗ്ഗമര്യാദവിചാരിച്ചനടത്തേണ്ടുന്നതിന നമ്മാലാകുന്ന സഹായം ചെയ്യുന്നതിന ഒര കുറവ ഒണ്ടാകയില്ലന്നുള്ളത വിശെഷിച്ച മെത്രാൻ അറിയണമെന്നില്ലല്ലൊ എന്നതുകൊണ്ടു മാർഗ്ഗമര്യ്യദ കീഴിലെ പൊലെ വിചാരിച്ച നടത്തിച്ചകൊള്ളുകയും വെണം എന്നും ഇപ്പടിക്കു തിരുവുള്ളത്തിൽപടിനിനവു എഴുതിയ വലിയ മെലെഴുത്തു കണക്കു വിരച്ചട്ടും പെരുമാൾ മാതെവൻ എഴുത്തു

ശ്രീപത്മനാഭൻ

15

response du Roy de Cochin

അരുളിച്ചെയ്ത നമ്മുടെ വരാപ്പുഴെ മെത്ത്രാന്ന എന്നാൽ സാധനവും കൊടുത്തയച്ച വായിച്ചകെട്ട അവസ്ഥയും ധരിച്ച മലംകര എടവകയിലും കൊച്ചി എടവകയിലും പാർക്കുന്ന മപ്പളമാരുടെ ജാതികാർയ്യങ്ങളും പള്ളി എടപെട്ട കാർയ്യങ്ങളും വിചാരിയ്ക്കത്തക്കവണ്ണം മെത്ത്രാൻ വന്നിരിക്കുന്ന പ്രകാരവും വർത്തമാനങ്ങൾക്കും തിരിച്ച തന്നെ എഴുതിവന്നുവല്ലൊ കീഴമരിയാദപൊലെ ഒക്കയും മാപ്പളമാര നടക്കണ്ട ജാതിമരിയാദ കർമങ്ങളുംപള്ളി എടപെട്ട കാർയ്യങ്ങളും ക്ലെശിച്ച നടത്തിച്ച കൊൾകയുംവെണം നമ്മുടെ രാജ്യത്ത ഇരിക്കുന്ന അടികുടിയാര മാർക്കം അപെക്ഷിച്ച വന്നുവെങ്കിൽ നാം ബൊധിയാതെ മാർക്കംകൂട്ടി പൊയാണ്ടവരാതെ ഇരിക്കയുംവെണം

16

മാർപ്ലൊരെസിയൊസ അരെയൊപൊലിസ എന്ന മെത്രാൻ മലംകര ഇടവകക്കും കൊച്ചി ഇടവകക്കും വിഗാരി അപ്പസ്ഥൊലിക്ക എഴുത്ത തൃപ്പാപ്പൂര മൂത്ത രാജാവിൻെററ തിരുവുള്ളത്തിൽ എററെണ്ടും അവസ്ഥ 1746 കാലത്തൊളം കൊറെകയില്ല മലനാട്ടിൽ മാർഗ്ഗവെദം നടന്ന പൊന്നിരിക്കുന്നത ആയത രാജാക്കൾമാരുടെ തിരുമനസ്സുണ്ടാകകൊണ്ട കഴിഞ്ഞ മെത്രാൻമാരുടെ കാലത്തിലും നാം ഠരം നാട്ടിൽ മുപ്പത സംമത്സരം ഇരുന്നകാലത്തിലും കുഞ്ചുക്കുട്ടക്കാരരും തിരുമ്പിൽനിക്കുന്ന ആളുകളും കൂടിയില്ല ദൊഷം ഇല്ലാത്തവണ്ണം ഉള്ളതിനെ മാർഗ്ഗത്തിൽ വന്നില്ലെയൊ എന്നറിഞ്ഞില്ല മലെയാളിഎങ്കിലും മാർഗ്ഗംഎങ്കിലും രാജാവിൻെററ അടിയാര ആകിന്നു രാജാവിൻെററ കല്പന നീട്ടിൽ ആകുന്നത കീഴമരിയാതപൊലെ നടക്കെണമെന്ന അതല്ല(ാ)തെ ചൈകയില്ല ശെഷം അഞ്ചുതെങ്ങുങ്കെൽ വലിയ ഉപ്പായി തിരുമനസ്സറി

ക്കയുംചെയും തിരുമനസ്സുണ്ടായിരിക്കണം തിരുവായിസ്സ വർദ്ധിച്ചിരിക്കട്ടെ

17

മാർപ്ലൊരെസ്സിയൊസ അരെയൊപ്പൊലിസ എന്ന മെത്രാൻ മലംകര ഇടവകക്കും കൊച്ചിഇടവകക്കും വിഗാരി അപ്പസ്ഥൊലിക്ക എഴുത്ത തൃപ്പാപ്പുര എളെ രാജാവിൻെററ തിരുവുള്ളത്തിൽ എററെണ്ടും അവസ്ഥ അയച്ച നീട്ടും വായിച്ച്യ അവസ്ഥയും ഗ്രഹിച്ച്യ രാജാവിന്റെ അവസ്ഥ രാജധർമ്മംപൊലെ രെക്ഷിച്ച്യചെല്ലുന്ന പ്രകാരം നാം കേൾക്കകൊണ്ടു നമുക്ക വളരെ പ്രസാതം ആകുന്നു ആയതിന്ന തിരുവായിസ്സ വർദ്ധിച്ചിരിക്കും ൦രംശ്വരസഹായവും ഉണ്ടായിരിക്കുമെന്ന നമ്മുടെ മനസ്സിൽ ആകിന്നു നീട്ടിൽ എഴുതിയ പുസ്ഥകങ്ങൾ മൂന്ന സവിയെൽ വല്ലിയ തുപ്പായിടെ പക്കെൽ തിരുമുക്കാഘ* വൈക്കതക്കവണ്ണം കൊടുത്ത അയക്കുന്നു സീവഴീ മറാട്ടിയൻെററ വിശേഷം ഒന്നിൽ ലൊകത്തിലെ അവസ്ഥ എന്തിയെ ഇങ്ങനെ ചെല്ലുന്നു എന്നുള്ള ചൊത്ത്യഉത്തരം അത പറങ്കിപെച്ച** ആകിന്നു ഒന്നിൽ പരരാജ്യത്തെ വർത്തമാനം 1768 കാലത്തൊളം പ്രാംസ്സ പെച്ച*** ആയിരിക്കുന്നു ഇന്നി നമ്മുടെ കൈക്കെൽ വരുമ്പൊൾ തിരുമുക്കാഘ* വൈക്കാൻ കൊടുത്തഅയക്കയും ആം ഇപ്പൊഴ പരരാജ്യത്ത മൂന്ന രാജാക്കെൾ അല്ലാതെകണ്ട ഉള്ളരാജാക്കെ(ൾ) ഒക്കെയും അന്യന്ന്യം ആയി ചെർന്നിരിക്കുന്നു തിരുമനസ്സ ഉണ്ടായിരിക്കണം തിരുവായിസ്സ വർദ്ധിച്ചിരിക്കും

* തിരുമുക്കാഴ്ച എന്നുവായിക്കുക ** പോർത്തുഗീസ് ഭാഷ ***ഫ്രെഞ്ച് ഭാഷ

18

ശുദ്ധമാനസഭയുടെ സാധനത്തിൻെററ പെർപ്പ

മിശിഹാപിറന്നിട്ട 1777 ആംകാലം കുംഭമാസം 25 ഉണ്ടായ ശുദ്ധമാനസഭയുടെ സമൂഹാവിചാരം - -

മാർഗ്ഗമറിയിപ്പിന്ന കല്പിച്ചിരിക്കുന്ന ശുദ്ധമാനസഭയുടെ സെഗ്രത്താറി ഇടവകയില്ലു മാർ സ്ഥെപ്പാനൊസ ബൊർജ്ജ്യെയെന്ന മലയാം കാര്യങ്ങളെ എത്രയും പ്രധാനപ്പട്ട കർദ്ദിനാളച്ചന്മാരുടെ വലിയ സഭയിങ്കൽ അറിയിച്ചാറെ മാർസല്ലെസ്സ്യൊസ ജെർമ്മാന്നിശ്യ എന്ന മെത്രാൻ മലകരെ ഇടവകയില്യം കൊച്ചി ഇടവകയില്ലു വിഗാരി അപ്പസ്ഥൊലിക്കായിട്ട കീഴിൽ വാണിരുന്ന സ്ഥാനങ്ങളും മുഷ്കരത്വങ്ങ

ളൊക്കെയും കൊണ്ട മാർ കാർ ല്ലൊസ കലമെനെ എന്ന മെത്രാൻ മുകലൻെററ മഹരാജിതങ്ങളൊക്കെക്കും വിഗാരി അപ്പസ്ഥൊലിക്ക ശുദ്ധമാന മാർപ്പാപ്പാ തിരുമനസ്സകൊണ്ട വെറെ കല്പിക്കൊളത്തെക്ക മലംകരെ ഇടവകയിലും കൊച്ചി ഇടവകയിലും വികാരി അപ്പസ്ഥൊലിക്കായ്ക്കുടുത്ത സ്ഥാനമായി വാഴിക്കത്തക്കവണ്ണം ശുദ്ധമാന മാർപ്പാപ്പാടെ തിരുമനസ്സറിയിക്കണമെന്ന വെദസമൂഹമായി വിചാരിച്ചുവെച്ചതിൻെററ ശെഷം മെലെ ചൊല്ലിയകാലത്തിൽ തന്നെ മീനമാസം 9നു മെൽ എഴുത്തുപെട്ട സെഗ്രത്താരി പിയൊസ ആറാമനെന്ന ശുദ്ധമാന മാർപ്പാപ്പാടെ തിരുമുമ്പാകെ ചെന്ന ഉണ്ടായവിചാരപ്രകാരം തിവുള്ളത്തിലെററിയപ്പൊൾ അതിൻവണ്ണംതന്നെ എന്ന അരുളപ്പാട്ടുണ്ടാകയും ചെയ്യു അതിൻ വണ്ണവുംതന്നെ സ്ഥാനവും വെണ്ടുന്ന മുഷ്കരത്വങ്ങളും തിരുമനസ്സുകൊണ്ടതന്നെ കല്പിക്കയും ചൈതു

ഇതമിശിഹാപിറന്നിട്ട മെൽചൊല്ലിയ ആണ്ടിലും മാസത്തിലും റൊമായിൽ ശുദ്ധമാന സഭയുടെ ആശ്രമത്തി നിന്ന എഴുതി ശുദ്ധമാന സഭയുടെ അതിശ്രെഷ്ഠൻ മാർ യൗസെപ്പമറിയം കർദ്ദിനാൾ കസ്ഥെല്ലി മാർസ്ഥെപ്പാനൊസ ബൊർജ്യെ എന്ന സെഗ്രത്താരി

19

പള്ളികൾക്ക എഴുതിയസാധനത്തിൻെററ പെർപ്പ

നാം മാർ കാല്ലൊസകലമെനയെന്ന മെത്രാൻ ബൊംപായ്ക്കും സൂറത്തിക്കും മരാഷ്ടിക്കും മുകലൻെററ മഹാരാജി തങ്ങളൊക്കയ്ക്കും വിഗാരി അപ്പസ്ഥൊലീക്ക എഴുത്ത നമ്മുടെ സ്നെഹപ്പട്ട ആലങ്ങാട്ട പള്ളിക്കലെ വിഗാരിയും ദെശത്ത പട്ടക്കാരരും പള്ളികൈക്കാരരും എണങ്ങരെല്ലാവരും കടികണ്ടന്നാൽ -

മഹാരാജാവിൻെററ നാട്ടിലെ പാർത്തിരിക്കുന്ന നമ്മുടെ വരാപ്പുഴെ കർമ്മെലീത്താ പാദ്രിമാർ നമുക്ക എഴുതി അയക്കുന്ന സാധനങ്ങളിൽ മഹാരാജാവിൻെററ മാഹാത്മ്യവും ഗുണവധികാരങ്ങളും ചെഷം മഹരാജാവിന്നുള്ള അതിശൊഭിത ധർമ്മങ്ങളും അവർ അനുഭവിച്ചു വരുന്ന തിരുവുള്ള കടാക്ഷപ്രകാരവും വളരെ സ്തുതിച്ച പല പ്പൊഴും പല ഊഴവുംനമുക്ക എഴുതി അറിവിച്ചതകൊണ്ട ഠരം എവ്വുരൊപ്പരാജ്യങ്ങളിൽ മഹരാജാവിൻെററ തിരുനാമവും സുചരിതവും വിഖ്യാതകീർത്തിയുമായി എല്ലാവർക്കും സ്തുതികാരണമായി ചമഞ്ഞു എന്നാൽ നാം കല്പിച്ച നമ്മുടെ പെ? മഹരാജാവിൻെററ നാട്ടിൽ വെദമറിയിക്കുന്ന നമ്മുടെ വരാപ്പുഴെ പാദ്രിമാർ അനുഭവിച്ചുവരുന്ന ഉപകാരങ്ങളും തിരുവുള്ള കടാക്ഷവും സതിവെദികളൊക്കെക്കും തലവനാകുന്ന നമ്മുടെ മെൽ പ്രത്യകവരുന്ന

തിനെകൊണ്ട വളരെ സ്തുതിച്ച പ്രസാദിച്ച തിരുമനസ്സുകൊണ്ട വരൊട ചൈതുപകാരങ്ങളൊ ക്കയും നമ്മൊടുചൈതതിൻവണ്ണം കൈകൊള്ളുന്നു ആയതിനെകൊണ്ട മഹരാജാവിന്റെ നെരെ നമുക്കുള്ള ബഹുമാനവും മനസ്സിലെ പ്രസാധവും നന്നിയും പ്രത്യുപകാരവും അറിവിപ്പാൻ ഒരം സാധനം മഹരാജാവിന്ന എഴുതി അയച്ചത മഹാരാജാവ എല്ലാകൂട്ടം സുഖങ്ങളും സമ്പൂർണ്ണതയും നുഭവിച്ചിരിക്കണമെന്ന നമുക്കുള്ള ആഗ്രഹവും അപെക്ഷയും നമ്മുടെ പാദ്രിമാർതന്നെ തിരുവുള്ളത്തി ലെററുകയും ചൈയ്യും എന്നാലും മഹരാജാവ നമ്മൊട ചൈത വലിയ ഗുണങ്ങളെ എററെയെറെ വർദ്ധിപ്പതിന്നവിടെ സത്യവെദംനടത്തി വരുന്ന പാദ്രിമാരെ നാം തമ്മിലുള്ള സ്നെഹത്തിനുടെ പണയംപൊലെ കൈകൊണ്ട തിരുവുള്ളകടാക്ഷമായി അവരെ രക്ഷിച്ച കൊള്ളണമെന്ന നമ്മുടെ അപെക്ഷയായത നമുക്കുള്ള സത്യവെദത്തിൽ പ്രമാണമാക കൊണ്ടും നാം പ്രത്യകം അവരൊട കല്പിച്ചതകൊണ്ടും ശെഷമുള്ളവ രകായിലും അവർ സ്വാമിഭക്തിയായികൊണ്ട മഹരാജാവിൻെറ കല്പനക്കു കീഴെ പരമാർത്ഥമായി വഴങ്ങിരിയ്ക്കുമെന്ന നാം ഭരം എററിരിക്കുന്നു ആയതുകൊണ്ട മഹാരാജാവടക്കിവാഴുന്ന നാട്ടിലുള്ള നമ്മുടെ വരാപ്പുഴെ പാദ്രിമാരെ തിരുമനസ്സിലെ പ്രസാധമായി കൈകൊണ്ട നാട്ടിലുള്ള പള്ളികളെയും അതിലുള്ള നസ്രാനികളെയും ശെഷം സത്യവെദികളെയും തിരുവുള്ളമായി കൈകൊണ്ട രക്ഷിക്കണ മെന്ന പിന്നെയും വളരെ അപെക്ഷിക്കുന്നു വിശെഷിച്ച കൊന്തപ്പട്ട ദീർഘതിരുവയസ്സും ഗുണങ്ങളൊക്കയുടെ വർദ്ധന(യു) പ്രത്യകം ദെവ പ്രസാദത്തിൻെറ സഹായത്താൽ പട്ടാങ്ങറിഞ്ഞനന്ത പട്ടാങ്ങയായ മൊക്ഷഭാഗ്യം മഹാരാജാവിന്ന നൽകികൊടുക്കണമെന്ന സർവ്വവും വശമാകുന്ന നമ്മുടെ ദിവ്യകർത്താവിനൊട എല്ലാപ്പൊഴും നാം അപെക്ഷിക്കുന്നു ഇത മിശിഹാപിറന്നിട്ട 1774ാം കാലം കർക്കിടക മാസം പുത്തൻ കണക്കിൽ ദിവസി നമ്മുടെ വാഴ്ചയുടെ 6ാം കാലത്തിൽ വെദപുരിയാം റൊമയിൽനിന്ന എഴുത്ത ബെനെദിത്തൊയസ്ഥായി

20

കൊല്ലത്തിന്ന കിഴക്ക മണക്കുടിവരെ തുറപ്പൊക്കിൽ ഇരിക്കുന്ന കുടികൾക്ക വെദമര്യ്യാദ നടത്തിക്കുന്നതിന്നായിട്ട ആക്കിയിരിക്കുന്ന പാതിരിമാർ കുടികളൊട സംഗതിയല്ലാതെയുള്ള ഞെരുക്കങ്ങൾ ചൈത കിഴ മര്യ്യാദപൊലെ അല്ലാതെ ദ്രവ്യങ്ങൾ എറെ പററുന്നു വെന്നും നമ്മുടെ കുടികൾ ഇവിടെവന്ന സങ്കടം പറഞ്ഞു കെട്ടു തുറപ്പൊ ക്കിൽ പാർക്കുന്ന പാത്രിമാർ നടക്കെണ്ടും പ്രകാരങ്ങൾക്ക ഒക്കെയും

മുമ്പിൽതന്നെ ചട്ടം വെച്ചല്ലൊ നടന്നവരുന്നത ആയത അതിക്രമിച്ച കുടികളൊട ഞെരുക്കങ്ങൾ ചെയ്കയെന്നുവന്നാൽ ചിതമല്ലല്ലൊ എന്നതുകൊണ്ട മെത്രാൻതന്നെ പട്ടണത്തുവന്ന പാദ്രിമാർ സംഗതിയല്ലാതെ എന്തെല്ലാം ചെയ്തിരിക്കുന്നു വെന്ന വിശാരിച്ച പാത്രിമാരെ മാററുവാനുള്ളവരയുംമാററി കിഴമര്യ്യാദനടന്ന വന്നതിൻ വണ്ണം പാത്രിമാരെ കൊണ്ട നടത്തിച്ചുകൊള്ളുകയുംവെണം പാത്രിമാർ ഇപ്പൊഴും നടത്തിച്ചിരിക്കുന്ന അവസ്ഥകളൊക്കയും നമ്മുടെ കുടികൾ തന്നെ മെത്രാനൊട പറകയും ചെയ്യും

ഇപ്പടിക്ക തിരുവുള്ളത്തിൻപടി നിനവ്വ എഴുതിയ മെലെഴുത്തു കണക്കു മാത്താണ്ടൻ മാതെവൻ എഴുത്തു

ശ്രീപത്മനാഭൻ

21

നിനവ്വ

വരാപ്പുഴെ മെത്രാൻ കണ്ടു

കൊടുത്തുട്ട കടദാസും വായിച്ചുകെട്ടു അവസ്ഥയും അറിഞ്ഞു പൗലിനൊസ പാത്രി ഇവിടെവന്ന മെത്രാൻ പറഞ്ഞയച്ച അവസ്ഥകൾ പറഞ്ഞുകെൾക്കയും ചെയ്തു ഗൊവർണ്ണദൊർ പാത്രിയും കത്തക പാത്രിമാരെയും മാററി പൗലിനൊസപാത്രിതന്നെ പള്ളികാര്യ്യം വിശാരിക്കണമെന്ന പറഞ്ഞാറെ കൊച്ചിയിൽ മെത്രാ ൻെററ കിഴഉള്ള പള്ളിയാകകൊണ്ടും മെത്രാൻ ഗൊവയിൽ പാർക്കകൊണ്ടും എഴുതി അയച്ച മറുപടി വന്നല്ലാതെ പള്ളികാര്യ്യം ചുമതലായിട്ട എൾക്ക വഹിയായെന്നും പൗലിനൊസ പാത്രി പറകകൊണ്ടും ഗൊവർണ്ണദൊർ പാത്രിയും കത്തകപാത്രിമാരും കുടികളെ സംഗതി അല്ലാതെ ചൊദ്യങ്ങൾ ചെയ്തതിന്ന പറയും വണ്ണം കെൾക്കാമെന്ന ഇവിടെവന്ന പറകകൊണ്ടും പറഞ്ഞുതീർപ്പാനുള്ളതൊക്കെയും പറഞ്ഞുതീർത്തു പാത്രിമാരിൽ മാററുവാനുള്ളവരെയും മാററി കിഴമര്യ്യാദപൊലെ നടത്തിച്ചു കൊള്ളത്തക്കവണ്ണം ഗൊവർണ്ണദൊർപാത്രിയെതന്നെ പറഞ്ഞയക്കയും ചെയ്തു എന്നതുകൊണ്ട പൗലിനൊസ പാത്രിയെ അങ്ങൊട്ടും പറഞ്ഞയക്കത്തക്കവണ്ണം പറഞ്ഞയക്കുന്നു എന്നും

ഇപ്പടിക്ക തിരുവുള്ളത്തിമ്പടി നിനവ്വ എഴുതിയ വലിയ മെലെഴുത്തു കണക്ക മാത്താണ്ടൻ മാതെവൻ എഴുത്തു

ശ്രീപത്മനാഭൻ

22

അരുളിച്ചെക നമ്മുടെ വരാപ്പുഴെ കുടിയിരിക്കുന്ന മാർഗ്ഗകാരര എല്ലാവരുംകൂടെ എന്നാൽ വരാപ്പുഴെ ദെശത്ത നമുക്കുള്ളതട്ടാരച്ചെരിൽ പറമ്പും അതിൽവെച്ച പള്ളിയും നമ്മുടെ അനന്ത്രവരാലും കാര്യക്കാരന്മാരാലും മററൊരുത്തരാലും ഒരുചൊദ്യ (ം) കൂടാത്തവണ്ണം നീർമുതലറുതി ജെമ്മം ചൈത നാം തങ്ങൾക്ക തരികയും ചൈതു അതിന്ന നാം തീട്ടും തന്നു ഠരം കല്പിച്ചപറമ്പിന്ന അതിർ കിഴക്ക കിഴക്കെ പുഴക്ക പടിഞ്ഞാട്ട അതിർ തെക്ക മുണ്ടെച്ചെരി പറമ്പിന്ന വടക്കെ അതിർ വടക്ക അതിർ പടിഞ്ഞാറ മാരാമ്പറമ്പിന്ന പടിഞ്ഞാറെ അതിർക്ക കിഴക്കൊട്ട വടക്ക മണിയന്ത്യ പറമ്പിന്ന തെക്കെ അതിർക്ക തെക്ക ഠരം നാല അതിർക്കകത്ത അകപ്പെട്ടതൊക്കെയുംകൂട നീർമുതലറുതി ജമ്മം ചൈത നാം തന്നതിൽ നമ്മുടെ അനന്ത്രവരാലും മററൊരുത്ത രാ ലും ഒര ചൊദ്യം കൂടാത്തവണ്ണം തങ്ങളുടെ മാർഗ്ഗത്തിന്നടുത്ത ക്രിയകളും ചൈത തങ്ങൾക്കുള്ളതായി അനുഭ വിച്ചുകൊള്ളുമാറ കല്പിച്ച തരികയും ചൈതു എന്നാൽ ഇത കൊല്ലം 860 മത കന്നിഞായററിൽ കല്പിച്ചരുളിയ മെയ്യ്ക്ക ഞാറയ്ക്കൽ കൊയിലകത്ത ഇരുന്നരുളെ ഇത രാമൻ കൈയെഴുത്ത

23

ഇവിടത്തെ ചെയ്തി ആവിതു അമ്പലപ്പുഴെ മണ്ഡപത്തുംവാതുക്കൽ ചെർന്ന ചമ്പകുളം പ്രവൃത്തിയിൽ കല്ലൂക്കാട്ട പള്ളിയിൽ ചെർന്ന പ്രദെശത്ത ഇരിക്കുന്ന മാപ്പിളച്ചികളിൽ ചിലർക്ക ചൂദ്രർ കൂടെ ചെർച്ച ഉണ്ടെന്നും ചിലരെ ചൂദ്രർ കൊണ്ടു വെച്ചിരിക്കുന്നുവെന്നും ഇതിൻവണ്ണം ജാതി അഴിവവന്നാൽ സങ്കടം ഉണ്ടെന്നും വരാപ്പുഴെ മെത്രാൻ അയച്ചിട്ട പൗലിനൊസ പാദ്രി പത്മനാഭപുരത്ത ആവലാധി അറിവിക്കകൊണ്ടും ഇതിൻവണ്ണം ഉള്ള വൈഷമ്മ്യത്തിൻെററ അവസ്ഥ എഴുതി അയ്ച്ച അറിയണമെന്നില്ലല്ലൊ എന്നും ഇതിൻവണ്ണം നടന്ന ആളു കളുടെ വഹയ്ക്ക വരിയൊല എഴുതിതന്നാൽ അവരെ ഒക്കയും പിടിപ്പിച്ച തൊവാളയ്ക്ക പുറത്ത ആക്കുന്നതിന്ന ആളുകൂട്ടി ഇങ്ങൊട്ട അയ്ക്കണമെന്നും ജാതി അഴിഞ്ഞനടന്ന മാപ്പിളച്ചികളുടെ വസ്തും വകയും കണ്ടുകെട്ടി എടുക്കുന്നതിന്നും പാദ്രി വരിയൊല എഴുതിതന്നാൽ അതിൻവണ്ണം എടുത്തകെട്ടിച്ചുകൊള്ളണമെന്നും കല്ലൂക്കാട്ട പള്ളിയിൽ പലരു വന്നാൽ ആ വള്ളങ്ങളൊക്കയും പണ്ടാരവകക്ക പിടിപ്പിച്ചുകൊണ്ടുപൊകുന്നുവെന്നും പള്ളിക്കകത്തകെറി പ്രവൃത്തികാരന്മാർ ആളുപിടിപ്പിച്ചുകൊണ്ടു പൊകുന്നുവെന്നും പള്ളിവകയിൽനിന്നും നെല്ലും പണവും പ്രവൃത്തികാരന്മാര കടംവെണ്ടിച്ചാൽ നെരത്തിന്ന കൊടുക്കുന്നില്ലന്നും പള്ളിവകയിൽ

ഒരു കിടാരം ഉള്ളതിനെ പണ്ടാരമായിട്ടവാങ്ങിച്ച കുടികൾക്ക കൊടുക്കകൊണ്ട കിടാരത്തിന്ന വളരെ ഖെദം* വന്നിട്ടുണ്ടന്നും കൂലികൊടുക്കാറില്ലന്നും പാത്രി വളരെ സംകടം ആയിട്ട തിരുമനസ്സറിവിക്കകൊണ്ട പള്ളിമുതൽ വാങ്ങിച്ചിരിക്കുന്നതൊക്കയും അരവാശി കൂട്ടി കെട്ടിവൈപ്പിച്ച മുതൽ പള്ളിവഹയ്ക്കും കൊടുപ്പിച്ച അരവാശി പണ്ടാരവഹയ്ക്ക മുതൽകൂട്ടിക്കൊള്ളണമെന്നും മെൽഉള്ളതിന്ന പള്ളിമുതലിൽ നിന്നും കടംവായിപ്പ കൊടുക്കരുതെന്നും വള്ളംപിടിപ്പിച്ചതിന്ന ചെരുംവണ്ണം പ്രാച്ചിത്വവും** ചെയ്യിച്ച വള്ളവും കൂലിയും കൊടുപ്പിക്കണമെന്നും പാത്രം വാങ്ങിച്ചതിന്നുള്ള കൂലിയും കൊടുപ്പിച്ച പാത്രം വാങ്ങിച്ച ആളുകളെകൊണ്ട പിഴയുംചെയിച്ച മെൽ ഉള്ളതിന്ന പള്ളിവകപാത്രം വാങ്ങിക്കരുതെന്നും ഠരം കാർയ്യങ്ങൾ ഒക്കയും തീർത്തകൊടുത്തയയ്ക്കുവൊളും സർവ്വാധികാര്യക്കാരുടെ അടുക്കൽ മറുപ്പിന്ന വെൽക്കാരനെ അയയ്ക്കണമെന്നും കല്പന വരികകൊണ്ട വെൽക്കാരനെക്കൂടെ അയയ്ക്കുന്നു സർവ്വാധികാര്യക്കാർക്ക ദെണ്ഡമാക കൊണ്ട കാര്യക്കാർക്ക സാധനം എഴുതി കൊടുത്താൽ കാർയ്യക്കാരുടെ അടുക്കൽ മറിപ്പുപാർത്ത ഒതുക്കം വരുത്തികൊണ്ടുവരതക്കവണ്ണം പറഞ്ഞയച്ചിട്ടും മുണ്ട

ഇ ചൈതി എല്ലം പിള്ളമാര വായിച്ച അമ്പലപ്പുഴെ മുഖത്ത സർവ്വാധികാര്യക്കാറരെ കെൾപിച്ച വൈക്കയും വെണം വെണം ഇ ചൈതിക്ക സാധനം കമാരൻ ചെമ്പകരാമൻ

*ചേതം **പ്രായശ്ചിത്തം

24

മലംകരെ പള്ളിക്കാരരായ നമ്മുടെ ജ്യേഷ്ഠനനുജമ്മാര എല്ലവരുംകൂടി കണ്ടറിയെണ്ടും അവസ്ഥ എന്നാൽ മിശിഹാ പിറന്നിട്ട 1778 ഠ കാലം നമ്മുടെ മലംകരെ മാർതൊമ്മ മെത്രാൻെറ കാർയ്യത്തിന്നുംമറ്റും നമ്മുടെ പള്ളികൾക്ക ദിഷ്ടതി ആയ കാർയ്യത്തിന്നുംവെണ്ടി രാജ്യത്തിന്ന പൊകത്തക്കവണ്ണം നിങ്ങളുടെ മനസ്സാലയും കല്പനയാലയും മലംകരെ നിന്ന ഞങ്ങൾ പുറപ്പട്ട പ്രകാരം നിങ്ങളെല്ലാവരും അറിഞ്ഞല്ലൊയിരിക്കുന്നു – എന്നാൽ പുറപ്പട്ടതിൻെറശെഷം നമ്മുടെ പള്ളികളുടെ ആവശ്യവും മാർതൊമ്മ മെത്രാൻെറ അവസ്ഥയും അപെക്ഷയും ബൊധിക്കെണ്ടയിടങ്ങളിലൊക്കയും ബൊധിച്ചാറെംരം കാര്യങ്ങൾക്ക ഒക്കയ്ക്കും എറിയൊര ഝടത ഉണ്ടായതിനാൽ വളരെ താമസം വന്നുവെങ്കിലും ഒടുക്കം ഉടയതമ്പുരാൻെറ പ്രത്യെകമുള്ള മനഗുണ ത്താലയും സഹായത്താലയും കാര്യങ്ങളൊക്കയും ശുഭമായി തീർന്ന 1785ംകാലം മെടമാസത്തിൽ മലംകരെ വരുവാനായിട്ട ലിസുബൊ വായിൽനിന്ന

പുറപ്പെടുവാൻ സംഗതികൂട്ടുകയുംചെയ്തു - വിശെഷിച്ച ഇന്നിയും പല കാർയ്യങ്ങളും ഗൊവയിൽചെന്ന സാധിക്കെണ്ടതുണ്ടാക കൊണ്ടും നെരെതന്നെ ഗൊവയ്ക്ക പൊകണമെന്ന കല്പന ആകകൊണ്ടും കൊച്ചിയിൽ വന്നതിന്റെശെഷം കപ്പലിന്ന ഒട്ടുംതന്നെ അവിടെ താമസമില്ലായ്കകൊണ്ടും മലംകരെയിറങ്ങാതെ പാരം പെടച്ചിലായിട്ട ഗൊവയ്ക്ക പൊകുന്നു. അവിടെ ചെന്നാൽ നമ്മുടെ ശത്രുക്കൾ എന്തെല്ലാം ഉഭായം എടുക്കുമെന്നറിഞ്ഞില്ലാ എന്നതുകൊണ്ട വരുന്ന കന്നിമസത്തൊ ളവും ഗൊവയിൽ താമസിക്കെണ്ടിവരുമെന്നു തൊന്നുന്നു എന്നവരു മ്പൊൾ വരുന്ന കന്നിമാസം കഴിഞ്ഞാൽ ഞങ്ങളെ മലയാളത്തിൽ കണ്ടില്ലെങ്കിൽ പള്ളകളുടെ നാമത്താൽ ഞങ്ങൾക്ക ഒരു കുറി അയ്ക്കയെംകിലും ആകമെംകിൽ നിങ്ങളിൽ ചിലരുതന്നെ ഗൊവയ്ക്ക വരികയുംവെണം – വിശെഷിച്ച മുൻ1782ം കാലം കരിയാട്ടി ബഹുമാന്ന്യപ്പട്ട മല്പാൻ മലംകരെയിടവകയൊക്കെയ്ക്കും മെത്രാപ്പൊ ലിത്താ ആയപ്രകാരം ം രംയാണ്ടിൽതന്നെ ലിസുബൊവായിൽ നിന്ന നിങ്ങൾക്ക ഞാൻ ഒന്ന എഴുതി അയച്ച കുറിവായിച്ച കണ്ടറിഞ്ഞി രിക്കുമല്ലൊ – ഇതുകൂടാതെ നമ്മുടെ പള്ളികൾക്ക ദിഷ്ടതിയുള്ള എല്ല വസ്തുക്കളും ഞങ്ങളൊട്ടുകൂടെ കൊണ്ടുവരുന്നുമുണ്ട എന്നാൽ ഞങ്ങൾ മലയാളത്തിൽനിന്ന പുറപ്പെട്ടതിൽപ്പിന്നെ കടങ്ങിരപ്പള്ളിക്കാരൻ ചാണ്ടികത്തനാരച്ചൻ കൊച്ചിയിൽനിന്ന എഴുതി അയച്ച കുറിയിൽ നിന്നും മലംകരെയുള്ള നമ്മുടെയിടങ്ങളുടെ എതാനും വർത്തമാനം അറിഞ്ഞതല്ലാതെ മററൊന്നും ഇത്രനെരവും അറിഞ്ഞതുമില്ല നിങ്ങളുടെ നമസ്കാരത്താലയും അപെക്ഷയാലയും ഞങ്ങൾ രണ്ടു പെരും നല്ല സ്വസ്ഥതയൊട്ടുകൂടയും ആരൊഗ്യത്തൊട്ടുകൂടയും ഇരിക്കുന്നു. ഇന്നിയും ഞങ്ങളെപ്രതി ഉടയതമ്പുരാനൊട്ട കന്ന്യാസ്ത്രീ ഉമ്മയൊട്ട അപെക്ഷി ക്കുന്നതിന്ന കുറവ ഉണ്ടാകരുതെന്നിട്ട നിങ്ങളെല്ലാവരൊട സാധ്യപ്പട്ട ഞങ്ങൾ അപെക്ഷിക്കയും ചെയുന്നു – ഇത മിശിഹാ പിറന്നിട്ട1786ംകാലം പുത്തൻകണക്കിൽ മെട മാസം 2 ദിവസി

കപ്പലിൽവച്ച പാറയമ്മാക്കൽ തൊമ്മൻകത്തനാര എഴുത്ത .

(തൊമ്മാക്കത്തനാരുടെ കത്തിലെ ലിപിവിന്യാസത്തിൽ വരുന്ന മാററം ശ്രദ്ധിയ്ക്കുക)

25

എത്രയും ബഹുമാനപ്പെട്ടും കീർത്തിപ്പെട്ടും ഇരിക്കിന്ന വെത്താവിയക്കും അടങ്ങിയ കൊട്ടപ്പടികൾക്കും കർതവ്യനായിരിക്കിന്ന ജെനരാലും ബഹുമാനപ്പട്ട നിയൊഗിതമാരും കൂടെബോധിക്കെണ്ടുമാവലാതി

മലയാളത്തിൽ മാർത്തൊമ്മ നസ്രാണികളായ ശ്ലുദ്ധമാനപാപായുടെ കീഴ്‌വഴങ്ങിയിരിക്കിന്ന ഇടവക(ക)ളൂടെ യോഗം എല്ലാവരുംകൂടി എഴുത്ത

എന്നാൽ ബഹുമാനപ്പട്ട കുംപഞ്ഞ കൊച്ചിയിൽ കൊട്ടയും അടങ്ങിയ കൊട്ടപ്പടികളും വാണിരിക്കയിൽ ഞങ്ങളുടെ മാർഗ്ഗത്തിന്നും മര്യ്യാദയ്ക്കും ഒര വിഘ്നം വരുത്താതെ സഹായിച്ച സംകടം കൂടാതെ ചെന്നിരുന്ന ഇപ്പൊൾ ഇ കഴിഞ്ഞ വൃശ്ചികമാസം മുതലായിട്ട റൈനിക്കുസസി യെസ കുമദവര കല്പിച്ച പരരാജ്യത്തിൽ നിന്ന വന്ന ഒര യാക്കൊപായ ക്കാരെനെ മെത്രാനായിട്ട കണ്ട നാട്ടനഗരിയിൽ ഞങ്ങൾക്കും യാക്കൊപായക്കാരർക്കും ഉള്ള പള്ളിയിൽ ഇരുത്തി ഞങ്ങളുടെ അവകാശം ഒതുക്കികൊണ്ട ഞങ്ങളുടെ മര്യ്യാദയ്ക്ക വച്ച സംവദിച്ചിരി ക്കിന്ന രൂപങ്ങളും തകർത്തിച്ചുട്ടകളകയുംചെയ്തു ഠരം വണ്ണം വരുത്തിയ സംകടങ്ങൾകൊണ്ടും ഞങ്ങളുടെ മാർഗ്ഗമര്യ്യാദയ്ക്കവന്ന മുടക്കങ്ങൾ കൊണ്ടും ഞങ്ങളുടെ മെത്രാനും കർമ്മലെത്തിൽ പാദിരിമാരും റൈനിക്കുസ സിയെസുമ കുമദവരൊട്ടും ഇപ്പൊൾ വാഴുന്ന കെരിൻ സ്റ്റെവെൻസകുമദവരൊട്ടും അന്യായം ചൈത കൊംസെജിൽ ബൊധി പ്പിച്ചാറെ ഞങ്ങളുടെ ആവലാതിക്ക ശെഷം ഒന്നും കല്പിക്കാതെ യാക്കൊപായക്കാരൻെറ സിദ്ധാന്തം നടത്തുവാൻ ഏഴുസൊളൂദാക്കളെ ക്കൂടെ അയാളുടെ സഹായത്തിന്ന കല്പിച്ച അയയ്ക്കുകയും ചൈതു ഇങ്ങനെ ഞങ്ങളുടെ ജാദിമര്യ്യാദപൊലെയും അവകാശംപൊലെയും വെണ്ടുന്ന ക്രമങ്ങളൊന്നും ചൈവാൻ വഹിയാതെ ആപ്പള്ളിക്ക പുറത്താക്കിപ്പാർക്കിന്നു ഠരംവണ്ണം കുമദവരമ്മാർചെയ്യിന്ന മാർഗ്ഗഉപദ്ര വംകൊണ്ടു വളരെ സംകടവും കുഴപ്പവും ഞങ്ങൾക്ക വന്നിരിക്കിന്നു കും പഞ്ഞയൊട വിപരീദിച്ച മാർഗ്ഗമര്യ്യാദ നടന്നകൊൾവാൻ സ്വധീനവും ഞങ്ങൾക്ക ഇവിടെയില്ലന്നറിഞ്ഞിരിക്കുമല്ലൊ കീഴിൽ ഞങ്ങളുടെ മാർഗ്ഗ ത്തിന്നും മര്യ്യാദക്കും സഹായമായിരുന്നവണ്ണം മനസ്സുണ്ടായിരു (ന്നു)വെംകിൽ ഞങ്ങളുടെ മാർഗ്ഗംനടന്നു കൊള്ളായിരുന്നു ഇവിടെ വാഴുന്ന കുമദവരുമ്മാർ നെരുപൊലെ ഞങ്ങളുടെ ആവലാതികെട്ട രക്ഷിക്കയില്ലന്ന വരികകൊണ്ട ഇത എഴുതി മൂലസ്ഥാനത്തുംകൽത്തന്നെ ബൊധിപ്പിച്ച പെക്ഷിക്കുന്നു എന്നാൽ ഞങ്ങളുടെ മര്യ്യാദക്കടുത്തനെരു പൊലെ കീഴിൽചെന്നിരിക്കുംവണ്ണം നടത്തിരക്ഷിക്കണമെന്ന ആവലാതി ആകിന്നു ഞങ്ങളെ സഹായിപ്പാനും രക്ഷിപ്പാനും ബഹുമാനപ്പട്ട കുംപഞ്ഞയുടെ സ്ഥാനവും പതയും കീർത്തിയൊട വർദ്ധിച്ചിരിക്കണമെന്ന ഞങ്ങൾ അപെക്ഷിച്ചിരിക്കിന്നു

ഇത 1748 ആംകാലം ഇടവമാസത്തിൽ ഉതിയംപെരിൽകൂടിയ യൊഗത്തുംകൽനിന്ന എഴുത്ത

26

എത്രയുംകീർത്തിപ്പെട്ട മുഖ്യതയൊട വാണിരിക്കിന്ന മാർഗ്ഗത്തിൻെററ കെസർമായമഹാരാജാവിൻെററ തിരുവുള്ളത്തിൽ ഉണർത്തിക്കൊണ്ടും ആവലാതി മലയാ(ള)ത്തിൽ മാർത്തൊമ്മ നസ്രാണികളായ ശ്രുദ്ധമാന പള്ളികൾഒക്കയ്ക്കും തലവനം വിശ്വാസകാരർ ഒക്കയ്ക്കും പട്ടാങ്ങയായ ഇടയവനമായ മാർ പത്രൊസിൻെററ സിംഹാ സനത്തിമ്മെൽ അനന്ത രത്വം വാണിരിക്കിന്ന ശ്രുദ്ധമാനമാർപ്പാപായുടെ കീഴ്വഴങ്ങിയിരിക്കിന്ന ഇടവകകളുടെ യൊഗം എല്ലാവരുംകടി എഴുത്ത

എന്നാൽ മലയാളത്തിൽ ഉണ്ടായിരുന്ന പറംകിയുടെ കൊട്ടകൾ ഉലന്ത പിടിച്ചതിൻെററ ശെഷം മിശിഹാതംപുരാന്റെ മാർഗ്ഗവഴി ശ്രുദ്ധമാന പള്ളിയുടെ മർയ്യാദപൊലെ നടത്തുവാനം ഭരിപ്പാനം ശക്തിയും രാജിതവും ഇവിടെ ഇല്ലാത്തതിനെകൊണ്ട അവിശ്വാസകാരരിടെ ഹെട്ടുവാൽ(ഹെത്തുവാൽ എന്നു വായിക്കുക)വളരെ ഞെരുക്കവും കുഴപ്പവും മാർഗ്ഗമർയ്യാദക്കുള്ള വിഘ്നവും അറിഞ്ഞതിനെകൊണ്ട ലെയൊപ്പൊൾ ദൊസ മഹാരാജാവിൻെററ കാലത്തിൽ കർമ്മലീത്തശനത്തിൽ പത്രൊസ പൗലൊസമെത്രാപ്പൊലിത്ത ഞങ്ങളുടെ കുഴപ്പവും മലയാള ത്തിലുള്ള സംകടങ്ങളും തിരുവുള്ളത്തിൽ എററിയപ്പൊൾദെ ഉടയതം പുരാൻെററ മാർഗ്ഗത്തെക്കുറിച്ചും തൻെററ ആട്ടമാട്ടുകളായിരിക്കിന്ന ഞങ്ങളുടെ സംകടത്തെപ്രതിയും ഉലാന്തയിലുള്ള കംപഞ്ഞയുടെ നിയൊ ഗത്തുംകൽ അറിയിച്ച അനുവദിച്ച സംകടമെന്നിയെ മലയാളത്തുംകൽ മാർഗ്ഗമർയ്യാദ പടിപ്പിപ്പാനം വിശ്വാസകാരരെ ഭരിപ്പാനമായിട്ട ദർശന ക്കാരരെ ഞങ്ങളുടെ ഇടവകകളിൽ അയക്കുകയുംചെയ്തു ഠരംയനുവാദം ഉലാന്തനിയൊഗത്തുംകൽനിന്ന അനുവദിച്ചപ്പൊൾ ഉംഗരിയെ എന്ന അങ്ങെ രാജിതത്തുംകൽ പാർക്കുന്ന കൽവിനെസ്സ്തമ്മാർക്കും അവരിടെ മർയ്യാദപൊലെ നടപ്പാൻ അനുസരിക്കെണമെന്ന നിയൊഗത്തും കൽനിന്ന അങ്ങൊട അപെക്ഷിച്ചതും പകരമായിട്ട അനുവദിച്ചുവെന്നും ഇന്നയൊളം കെട്ടിരിക്കുന്നുമുണ്ട അതുപൊലെതന്നെ ഇകഴിഞ്ഞ വൃശ്ചി കമാസ ത്തൊളം നമ്മുടെ മാർഗ്ഗമർയ്യാദയ്ക്ക അനർത്ഥമെന്നിയെ സൗഖ്യ മായിച്ചെന്നിരുന്നു ഇപ്പൊൾ കൊച്ചിയിൽ കൊട്ടയിൽ വാഴുന്ന കുമദവര കല്പിച്ച പരരാജ്യത്തിൽനിന്ന വന്ന ഒര യാക്കൊപായക്കാരനെ മെത്രാനായിട്ടകണ്ട നാടനകരിയിൽ ഞങ്ങൾക്കും യാക്കൊപായ ക്കാരർക്കും അവകാശമുള്ള പള്ളിയിൽ ഇരിത്തി ഞങ്ങളുടെ അവകാശം ഒതുക്കികൊണ്ട നമ്മുടെമർയ്യാദയ്ക്ക വച്ച സംവദിച്ചിരിക്കിന്നു(ന്ന) രൂപങ്ങള തകർത്തിച്ചുട്ടുകളകയും ചെയ്തുംരംവണ്ണം വരുത്തിയ സം കടങ്ങൾകൊണ്ടും നമ്മുടെ മാർഗ്ഗമർയ്യാദയ്ക്ക വന്ന മുടക്കംകൊണ്ടും

ഞങ്ങളുടെ മെത്രാനും കർമ്മലെത്തിൽ പാദ്രിമാരും കുമദവരൊട അന്യായംചൈത കൊംസെ ജിൽ അറിയിച്ചാറെ ഞങ്ങളുടെ ആവലാതിക്ക ശെഷം ഒന്നും കല്പിക്കാതെ യാക്കൊപായക്കാരന്റെ സിദ്ധാന്തം നടത്തുവാൻ ഏഴ സൊർദാക്കളെക്കൂടെ അയാളുടെ സഹായത്തിന്ന കല്പിച്ചയക്കുകയും ചൈതു ഇങ്ങനെ ഞങ്ങളുടെ അവകാശംപൊലെ ജാദിമർയ്യാദക്കടുത്ത കർമ്മങ്ങളൊന്നും ചൈവാൻ വഹിയാതെ ആ പള്ളിക്ക പുറത്താക്കി പർക്കിന്നു ഠരംവണ്ണം കുംപഞ്ഞ ചൈത സംകടത്തിന്ന കൊച്ചിയിൽ വലിയരാജാവിന്റെ മുൻപാകെ ഞങ്ങളുടെ ആവലാതി ഉണ്ടായാറെ കുംപഞ്ഞയുടെ മനസ്സൊട വിപരീതമായിട്ട രാജാവ ഒന്നുംകല്പിക്കയില്ലന്നും കെട്ട ഠരംവണ്ണം രണ്ടുസ്ഥാനത്തും ഞങ്ങളുടെ ആവലാതികെട്ട നെരുപൊലെ മാർഗ്ഗമർയ്യാദ നടത്തുകയില്ലന്ന നിശ്ചയിക്കകൊണ്ട മാർഗ്ഗത്തിന്നുടയ തായി മുൻപിനാൽ ഞങ്ങളെ രക്ഷിച്ചിരിക്കിന്ന മഹാരാജാവിന്റെ തിരുവുള്ളത്തിലെറി ഞങ്ങളെരക്ഷിക്കണമെന്നിട്ട ഇപ്പൊൾ എഴുതു കന്നെ വിയസ്ഥ വരുത്തുയും ചൈതു തംപുരാന്റെ കാരുണ്യത്താൽ അങ്ങെ സ്ഥാനവും ശ്രുപതയും കീർത്തിയൊട വർദ്ധിച്ച ആയിസ്സും സ്വസ്ഥതയും തംപുരാൻ നൽകുവാൻ ഞങ്ങൾ എപ്പൊഴും പ്രാർത്ഥിച്ചിരി ക്കയിൽ ഞങ്ങൾക്കുള്ള സഹായം പാർത്തിരിക്കുന്നു ഇത മിശിഹാ പിറന്നിട്ട1748 ാംകാലം ഇടവമാസത്തിൽ ഉതിയംപൂരിൽ കൂടിയ യൊഗത്തിൽനിന്ന എഴുത്ത

27

നാം മാർ യൊഹന്നാൻ മാംദാനമറിയം തംപുരാന്റെ മനഗുണത്താലയും ശുദ്ധമാന റൊമാപള്ളിയുടെ പ്രമാണത്താലയും ലിമിര എന്ന മെത്രാൻ മലംകര ഇടവകക്കും കൊച്ചിയിക് ഇടവകക്കും വിഗാരി അപ്പസ്തൊലിക്കായിട്ട വാഴുന്നതിനെ കൊണ്ട ഇ പ്രമാനം കാണുന്നവർക്കും വായിക്കുന്നവർക്കും കെൾക്കുന്നവർക്കും തംപുരാന്റെ സ്വസ്ഥത ശുദ്ധമാന മാതാവാകിന്ന നമ്മുടെ കാത്തൊലിക്ക പള്ളിയുടെ നിക്ഷെപതാക്കൊൽകൾ നമ്മുടെ ശുദ്ധമാന മാർ പെന്തിഥാ പാപ്പായ്ക്ക മനഗുണത്തിനുടെ ബാവായാകുന്ന തംപുരാൻ കൈയെൽപിച്ചതിനെ കൊണ്ട നമ്മുടെ പട്ടാങ്ങയുടെ ഈ ശുദ്ധമാന പാപ്പാ ഉടനെ ആകാശവാതിൽ തുറപ്പാനായിട്ട മുഴുവനായ ദൊഷപൊറുതി കല്പിച്ച ഈ ദൊഷപൊറുതി കിട്ടുവാൻ അങ്ങിന്ന കല്പിക്കുന്ന നമ്മ പ്രവൃത്തികൾ ഒക്കയും ചൈയുമ്പൊൾ ശുദ്ധമാന മാമ്മൊദിസയാലെ ആത്മരക്ഷ ഉണ്ടായവണ്ണം ഇതിനാലെ അനുഭവിക്കയും ചൈയും ഈ ദൊഷപൊറുതിയുടെ പ്രമാണം കഴിഞ്ഞ ധനുമാസത്തിൽ നമ്മുടെ പക്കൽ

വന്നതിൻെററ ശെഷം ഇ പള്ളിക്കൽ പരഹസ്യമാക്കുകയുംചൈയ്തു എന്നാൽ ഇവിടെ പരഹസ്യമാക്കിയതുകൊണ്ടുതന്നെ അതിൻെററ അവസ്ഥകൾ നമ്മുടെ കീഴ്വഴങ്ങി ചെല്ലുന്ന വിശ്വാസക്കാരര ഒക്കയ്ക്കും അറിവാൻ സംഗതിവരികയില്ലന്നിട്ട നമ്മുടെ ശുദ്ധമാന മാർപ്പാപ്പാ കല്പിച്ചയച്ച ദൊഷപൊറുതികിട്ടുവാൻ ചൈയ്യെണ്ടത ഒക്കയും ഇതിൽ എഴുതിഅറിയിക്കുന്നു.

ഒന്നാമത ശുദ്ധമാന മാർപ്പാപ്പാ 15 ദിവസത്തെ അവധികല്പിക്കുന്നു അതായത മകരമാസം പുത്തൻകണക്കിൽ വരുന്ന ഞാറാഴ്ച തുടങ്ങിട്ട 15 ദിവസം വരുന്ന ഞാറാഴ്ചക്കകം മൂന്നു ദിവസത്തെ നൊൻപ ഒരാഴ്ചക്കകം തന്നെ ബുധനാഴ്ചയും വെള്ളിയാഴ്ചയും ചനിയാഴ്ചയും നൊൽക്കെണം ആ മൂന്നുദിവസവും തങ്ങളുടെ ഇടവക പള്ളിയിൽ ചെന്ന കംപിട്ട ശുദ്ധമാനമാർപ്പാപ്പായുടെയും ശുദ്ധമാനപള്ളിയുടെയും ദിഷ്ടതി ഒക്കയക്കുറിച്ചും തംപുരാനൊട നമസ്കരിച്ച അപെക്ഷിക്കയുംവെണം അവണ്ണം നസ്രാണികളാകുന്ന രാജാക്കളുടെമേലും മാടംപികളുടെ മെ(ല്ലും) തംപുരാൻെററ അനുഗ്രഹമുണ്ടായിട്ട തമ്മിൽ അന്യൊന്യവും നിരപ്പു മുണ്ടായി ശുദ്ധമാന പള്ളിയുടെ മാർഗ്ഗവർദ്ധന ഉണ്ടാവാനും അപെക്ഷിക്കയും വെണം ആ ദിവസങ്ങളിൽ തൻെററ തൻെററ നൃവാഹംപൊലെ അകടികൾക്ക ധർമ്മം ചൈകയും വെണം ഠരം മൂന്നു ദിവസത്തെ നൊൻപിലംകില്ലും അത കഴിഞ്ഞു വരുന്ന ഞാറാഴ്ചംകില്ലും കംപസാരിച്ച കുറുബാന കൈകൊൾകയും വെണം എന്നാൽ ഇ കല്പിച്ചവധിക്കകം രഹസ്യത്താലെ മഹറൊൻ പ്രവൃത്തികളിൽ അകപ്പെട്ടവരുണ്ടംകില്ലും കംപസാരിപ്പിപ്പാൻ അനുവാദമുള്ള പട്ട ക്കാരരിൽ തന്നിക്ക തന്നിക്ക തെളിഞ്ഞവരൊട കംപസാരിച്ച അവർക്കുള്ള സംകടം പൊക്കുവാൻ അനുവാദമുണ്ട വിശെഷിച്ച ഠരംയനുവാദംകൊണ്ട മാർപ്പാപ്പയംകില്ലും മററമെല്പട്ടക്കാരരയംകില്ലും പ്രത്യം വിളിച്ച ചൊല്ലിയ മഹറൊൻ പൊക്കുകയും പററിയെ ഠരം സം കടമുള്ളവര ദൊഷപൊറുതികൈക്കൊൾവാൻ ആഗ്രഹമുണ്ടംകിൽ മെൽ കല്പിച്ചവധിക്കകം മെൽപട്ടക്കാരനൊട അവലാതി ഉണ്ടാകയുംവെണം വിശെഷിച്ച ആരാനും സാധിപ്പാൻ സംകടമുള്ള നെർച്ച കല്പിച്ചിട്ടുണ്ടം കിൽ മററ നമ്മ പ്രവൃത്തിയാൽ മാററുവാനും ഠരംയവധിക്കകം പാസാരിക്കുന്ന പട്ടക്കാർക്ക അനുവാദം ഉണ്ട

ഇത 1745 ഠകാലം മകരമാസം പുത്തൻ കണക്കിൽ 15 വരാപ്പുഴെ നമ്മുടെ മാർ യൗസെപ്പ പുണ്യവാളൻെററ പള്ളിയിൽനിന്ന കല്പിച്ച എഴുതിയ സാധനത്തിന്മെൽ നമ്മുടെ കൈഒപ്പും മുദ്രികയും ഇട്ടുകയും ചൈയ്തു

28

തംപുരാൻെററ മനഗുണത്താലയും ശുദ്ധമാന റൊമപള്ളിയുടെ പ്രമാണത്താലയും നാം മാർപ്പ്ലൊരെസിയൊസ

നമ്മുടെ ഇപ്രമാണം കാണുന്നവർക്കും വായിക്കുന്നവർക്കും കെൾക്കുന്നവർക്കും ഉടയതംപുരാനാൽ സ്വസ്ഥാനം അറിയിക്കയായത ഇഹലൊകമൊക്കയിലുമുള്ള മാനുഷവർഗ്ഗമൊക്കയും പൂർവ്വത്തിംകൽ ഒര പിതാവിൽനിന്നും ഒര മാതാവിൽനിന്നും ആകിന്നതിനെക്കൊണ്ട എല്ലാവരും ജ്യെഷ്ഠനനുജമ്മാരല്ലൊ ആകിന്നു അതിൽ അവര(ര)വരിടെ ദൊഷംകൊണ്ടും ഭൂമിയിംകൽ വലിയവരായിട്ടും അശക്തരായിട്ടും ആയിരിക്കയും ചൈതു ഇങ്ങനെ ബഹുവിധത്തിൽ ചമകകൊണ്ട അവരെ ക്രമത്തുംവഴി നടത്തുവാനായിട്ട രാജാക്കൾ പ്രഭുക്കളയും ഉടയതംപുരാൻ പ്രത്യെകമായി കല്പിക്കയായി ഒരുത്തൻ നെരുകെട ചൈതുവെംകിൽ ശിക്ഷിപ്പാൻ നാട പരിപാലിക്കിന്ന വർക്കല്ലൊ. അവകാശമാകിന്നു മററുരുത്തർക്ക സംഗതിയില്ലല്ലൊ ഇ മലയാളത്തിൽ നെരുകെടുകാരരെ രാജാക്കൾ വിൽക്കിന്നുവെംകിലും മററൊരുത്തർക്ക ബലംകൊണ്ടും കട്ടിട്ടും വിററുകൂടാ എല്ലൊ

29

നാം വരാപ്പുഴെ കർമ്മലീത്ത ദെർശനത്തിൽ പ്രൻചിസ്കൊസ വലിയമൂപ്പൻ പാദ്രി എഴുത്ത നമുക്ക എത്രയും വളരെ സ്നെഹവിശ്വാസമായിരിക്കുന്ന ആലങ്ങാട്ട മുഖത്ത സർവ്വാധികാര്യക്കാരരെ പിള്ളമാര വായിച്ച ബൊധിപ്പിക്കെണ്ടുമവസ്ഥ വരാപ്പുഴെ പെരുംചെരിൽ പണിക്കനുമായിട്ട നമുക്കുള്ള എഴുമുറി പറമ്പുകാർയ്യത്തിന്ന നാം തന്നെ പറവൂർ വരണമെന്നല്ലൊ എഴുതി അയച്ചതിൽ ആകുന്നു ആയതിന്ന പെരുംചെരിൽ പണിക്കനെ ആളയച്ച ഇപ്പൊൾതന്നെ വരുത്താമെന്ന ഇങ്ങൊട്ട എഴുതിഅയച്ചിട്ട പെരുംചെരിൽ പണിക്കൻ ഇത്രുപ്പൊഴും* ഇവിടെ പാർക്കുന്നതുകൊണ്ടും നമുക്ക ഇപ്പൊൾ എറിയ വെദ്ധപ്പാട ഉണ്ടാകകൊണ്ടും ഇപ്പൊൾ ഇ കാർയ്യത്തിന്ന പറവൂർ വരാൻ പരാദീനം തന്നെ ആകുന്നത നമ്മുടെ വെദ്ധപ്പാട ഒഴിഞ്ഞാൽ സർവ്വാധികാര്യക്കാരരെ നാം എഴുതിബൊധിപ്പിക്കുംപൊൾ ഇ കാർയ്യത്തിന്ന വരുത്തെണ്ടുന്ന ആളുകളെ ഒക്കയും വരുത്തി നമുക്ക മുഴിച്ചിൽ വരാതെകണ്ടും പെരുത്ത താമസം കുടാതെകണ്ടും കാർയ്യത്തിൻെറ നിധാനം വരുത്തുവാൻ ഉള്ളതിന്ന സർവ്വാധികാർയ്യക്കാരരുടെ മനസ്സുണ്ടായാൽ നാം അവിടെ വരികയും ചൈയും നമ്മാൽവെണ്ടും കാർയ്യത്തിന്ന എഴുതിവരുമാറാകണം ഇശ്വരകടാക്ഷത്താൽ ആയിസ്സ വർദ്ധിച്ചിരിക്കട്ടെ

30

നീട്ടിൻെററ പെർപ്പ

വരാപ്പിഴെ പള്ളിക്ക കിഴക്കെവശത്തു പള്ളിഇരിക്കുന്ന പറമ്പിനൊട്ടക്കു(ടെ) ചെർന്ന ആററുവപ്പു വച്ചുകൂടിയ പറമ്പു പണ്ടാരവകയിൽനിന്നും കുടികളെ പാട്ടം (എൾ)പ്പിക്കണം എന്നും ശൊദ്യമുള്ള പ്രകാരവും പള്ളിപറമ്പിന്നൊട്ടക്കൂടെ ചെർന്ന വച്ചുകൂടിയിട്ട ഒള്ളതാകകൊണ്ടും പറമ്പ എടുത്ത വെറെ പാട്ടം എൾപ്പിച്ചാൽ സങ്കടം മു(ഉ)ണ്ടെന്നും വരാപ്പിഴെ പാതിരി ഇവിടെവന്ന പറഞ്ഞുകെട്ട പള്ളി ഇരിക്കുന്ന പറമ്പിനൊട്ടകൂടി ചെർന്ന വച്ച കുടിയതാകകൊണ്ടും ആയതപള്ളിക്ക വകകതന്നെ ഒഴിഞ്ഞു കൊടുക്കയും വെണം എന്നും ഇക്കാര്യംചൊല്ലി

31

സർവ്വാധികാര്യക്കാരരുടെ സാധനത്തിൻെററ പെർപ്പ

ഇവിടത്തെ ചെയ്തി ആവിതു വരാപ്പുഴെപള്ളിയ്ക്ക കിഴക്കു വശത്തു പള്ളി ഇരിക്കു(ന്ന) പറമ്പിനൊട്ടകൂടെ ചെർന്ന ആററുവൈപ്പുവെച്ചുകൂടിയ പറമ്പ പണ്ടാരവക തിരി ** നിന്നും കുടികളെ പാട്ടം എൾപ്പിക്കണമെന്ന ചൊദ്യം ഉള്ള പ്രകാരവും പള്ളിപറമ്പിന്നൊ(ട്ട)ക്കൂടെചെർന്ന വൈച്ചുകൂടിട്ടുള്ളതാകകൊണ്ടു പറമ്പഎടുത്ത പാട്ടം എൾപ്പിച്ചാൽ സംകടം ഉണ്ടെന്നും എഴുന്നള്ളി ഇരിക്കുന്നെടത്തു പാദ്രി ചെന്ന തിരുമനസ്സറിവിക്കകൊണ്ടു പള്ളി ഇരിക്കുന്ന പറമ്പിന്നൊട്ടക്കൂടെചെർന്ന വൈച്ചുകൂടിയതാകകൊണ്ടും ആയതു പള്ളിക്കുവകക്കുതന്നെ ഒഴിഞ്ഞുകൊടുക്കണമെന്നും കല്പിച്ച നീട്ടു എഴുതിവരികകൊണ്ടും നീട്ടിൻെററ പെർപ്പക്കൂടെ കൊടുത്തയക്കുന്ന നീട്ടിൽ എഴുതി ഇരിക്കുന്നതിൻവണ്ണം വരാപ്പുഴെ പള്ളിയ്ക്ക കിഴക്കുവശത്തു പള്ളി ഇരിക്കുന്ന പറമ്പിന്നൊട്ടക്കൂടെ ചെർന്ന ആററു വൈപ്പുവെച്ചുകൂടിയ വക പള്ളിവകക്കുതന്നെ ഒഴിഞ്ഞ കൊടുക്കയുംവെണം ഇ ചെയ്തി എല്ലാം പിള്ളമാർ വായിച്ച പരവൂർ മണ്ടപത്തുംവാതുക്കൽ കാര്യക്കാരരെയും പിള്ളമാരെയും കെൾപ്പിച്ച വൈക്കയുംവെണം ഇ ചെയ്തിക്കു 962മാണ്ടു കന്നിമാസം സാധനം എഴുതിയ മാ(തെ)വൻ കുമാരൻ മെലെഴുത്തു കണക്കു കുമാരൻ

32

പറവൂർ മണ്ഡപത്തുംവാതുക്കൽ കാര്യക്കാരരുടെ സാധനത്തിൻ്റെറ പെർപ്പ

ഇവിടത്തെ ചെയ്തിയാവിതു വരാപ്പുഴെപള്ളിക്ക കിഴക്കെവശത്ത പള്ളിയിരിക്കുന്ന പറമ്പിനൊട്ടക്കൂടെ ചെർന്ന ആററുവൈച്ചുകൂടിയ

പറമ്പപണ്ടാര വകയിൽനിന്നും കുടികളെ പാട്ടമെൽപ്പിക്കണമെന്നും ചൊദ്യമുള്ള പ്രകാരം വരാപ്പുഴെ പാദ്രി എഴുന്നള്ളിയിരിക്കുന്നെടത്ത ചെന്ന സംകടം തിരുമനസ്സറിവിക്കകൊണ്ടു പള്ളിയിരിക്കുന്ന പറമ്പിനൊട്ടുകൂടെചെർന്ന വൈച്ചുകൂടിയതാകകൊണ്ടും ആ പറമ്പ പള്ളിവകക്കുതന്നെ ഒഴിഞ്ഞു കൊട്ടുക്കണമെന്നും കല്പിച്ച എഴുതിവന്ന നീട്ടിൻെററ പെർപ്പ. സർവ്വാധികാര്യക്കാരരുടെയും മെലെഴുത്തുപിള്ള യുടെയും സാധനവും എഴുതിവന്നു ഇകാര്യത്തിന്ന കല്പിച്ച എഴുതിവന്ന നീട്ടിൻെററ പെർപ്പ ഇതിനൊട്ടുകൂടെ കൊട്ടുത്തയക്കുന്നതവായിച്ച കാണുമ്പൊൾ അറിയാമെല്ലൊ നീട്ടിൻെററ പെർപ്പിൽ എഴുതിയിരി ക്കുന്നതിൻവണ്ണം നിധാനം വരുത്തിക്കൊള്ളുണം ഇ കാര്യത്തിന്ന ചൊദ്യം ഉണ്ടങ്കിൽ ഒഴിഞ്ഞവൈക്കയുംവെണം ഇ ചെയിതി എല്ലാം കണക്കപിള്ള വായിച്ച വരാപ്പുഴെ പ്രവൃത്തികാരരെ കെൾപ്പിച്ച വൈക്കയും വെണം ഇ ചെയിതിക്ക 962 മാണ്ടു കന്നി മാസം 26 സാധനം എഴുതിയ ഗൊവിന്ദൻ ഗൊവിന്ദൻ കണ(ക്ക) ഗൊപാലകൃഷ്ണൻ മാത്താണ്ടൻ കണക്കു വെലായുധൻ കുമാരൻ

33

വരാപ്പുഴെ പള്ളിയിൽ മൂപ്പൻപാദ്രി അറിയവെണ്ടും അവസ്ഥ കൊട്ടുത്തയച്ച സാധനവും വായിച്ചുകണ്ടു അവസ്ഥയും അറിഞ്ഞ പള്ളിപരവിൽ വച്ചുകൂടിയ പാട്ടമായിട്ടു എൾപ്പിച്ചതു ഒഴിഞ്ഞതരുന്നതിന്നു കല്പിച്ച എഴുതിവന്ന നീട്ടുംപ്രകാരം സാധനം പരവൂർ മണ്ഡപത്തും വാതുക്കൽ കാര്യക്കാർക്കും പിള്ളമാർക്കുംകൂടെ കൊട്ടുത്തയക്കുന്നു ആ സാധനവും കൊട്ടുത്ത പ്രവൃത്തിലെക്കു സാധനവും വാങ്ങിച്ച കൊട്ടുത്ത ആ കാര്യത്തിൻെററ നിദാനം വരുത്തികൊള്ളുണം പള്ളിക്ക ശെമായിട്ടൊള്ള കാര്യത്തിന്ന മുപ്പൻ പാതിരിതന്നെ ഇവിടെ വന്നാൽ കെട്ടുതീർത്തുകൊള്ളുകയുമാം പണിക്കന്നെ കൂട്ടിച്ചുംകൊണ്ടു വരുന്നതിന്നു ഒരു ചെയെകുഞ്ഞു കൂട്ടക്കാരനെ അയച്ചിട്ടും ഒണ്ടു ശെഷം ഒക്കയും കൊച്ചുപൊത്തൻ പറകയുംചെയ്യും ഇപ്പടിക്കു നിനവു എഴുതിയ മാതെവൻ കുമാരൻ

34

Seguntur varia Reseripta regia et modus scribendi regibusulini ac Ministris Malabariac opera P. Paulini a S.

Bartholomaco partim composita, partim collecta

നാം മാർ കാർലോസകലമെനയെന്ന മെത്രാൻ ബൊമ്പായ്ക്കും മുഖ്യബന്റെറ മഹരാജ്യങ്ങളൊക്കക്കും കെരളത്തിന്നും കൊച്ചിക്കും വിഗാരി അപ്പസ്ഥൊലിക്ക എഴുത്ത തൃപ്പാപ്പ വലിയ തമ്പുരാൻെററ തിരുവുള്ളത്തിലെറെറണ്ടും അവസ്ഥ

നമ്മുടെ വെദാധിപതിയും രാജാവുമായിരിക്കുന്ന ശ്ലുദ്ധ്മാന മാർപ്പാപ്പ എല്ലയിടത്ത പ്രസിദ്ധമായിരിക്കുന്ന മഹാരാജാവിന്റെറ ഗുണവധികാരങ്ങളും കീർത്തിയും കെട്ടറിഞ്ഞുംകൊണ്ട വളരെ പ്രസാധിച്ച മഹ(ാ)രാജാവിന്നൊര തിരുസാധനം എഴുതി അയച്ചിട്ടുണ്ട മാറിപൊയ മെത്രാൻററ പററിൽ സാധനം ആയിരുന്നതു കൊണ്ടും ഇപ്പൊൾ അത്രെ നമ്മുടെ കൈക്കൽ വന്നതുകൊണ്ടും നമ്മുടെ പാദ്രിമാരിരിവരയും തിരുസാധനവുംകൂടെ തിരുമുപാഗെ അയക്കുന്നു മഹരാജവിന്റെറ തിരുവുള്ളകടാക്ഷമുണ്ടായിട്ട നമ്മയും നമ്മുടെ പാദ്രിമാരും സംകടവും ഉപദ്രവവുംകൂടാതെ രക്ഷച്ച കർയ്യപ്രസാധം വരുത്തി നമ്മുടെ പാദ്രിമാരെ ഇങ്ങൊട്ട കല്പിച്ചയക്ക വെണ്ടിരിക്കുന്നു

തിരുമെനിക്ക കൃതാർത്ഥതയും തിരുവയസ്സും വർദ്ധിച്ചിരിക്കട്ടെ

Copia Brevis apostolic ad Regem Travancorensem missi

ക്ലെമിസപ്പാപ്പ പതിന്നാലാമത

മഹാരാജാവെ ആരൊഗ്യതയും സ്വസ്ഥാനവും ദെവപ്രസാധത്തിന്നുടെ തെളിവുമുണ്ടായിരിക്കട്ടെ

(1780 എന്നു കാണാനുണ്ട്)

3 5

വെണാട്ട അമ്പത്താറുകാതത്തിനും പല ശത്രുക്കളായ രാജാക്കൾക്കും മലയാളത്തടങ്ങിയ പരദെശികൾക്കും പരരാജ്യം ആദിയായിട്ടുപ്പകൾപ്പെററിരിക്കുന്ന തൃപ്പാപ്പസ്വരൂപത്തുംകൽ വലിയതമ്പുരാൻെററ തിരുവുള്ളത്തിലെറെറണ്ടും അവസ്ഥ.

മാർ കാളൊസ കലമെനയെന്ന മെത്രാൻ മലംകരയിടവകക്കും കൊച്ചിയിടവകക്കൾ വിഗാരി അപ്പസ്ഥൊളിക്ക എഴുത്ത തൃപ്പാപ്പ സ്വരൂപത്തുംകൽ വലിയതമ്പുരാൻെററ തിരുവുള്ളത്തിലെറെറണ്ടും അവസ്ഥ.

നമുക്ക മഹാരാജാവിൻെററ മുമ്പാകെ പലഅവകാശങ്ങൾ കൊണ്ടു വരുവാൻ മെലായ്ക്കകൊണ്ട യൊഗ്യനാകുന്ന ഠരം പാദ്രിയെ അങ്ങെ തിരുമുമ്പിലെക്ക യാത്രയാക്കുന്നു പ്രസാധം വരുത്തുന്ന തിരുമനസ്സൊടെ കൈക്കൊണ്ട നമ്മുടെപെർക്ക പാദ്രി ഉണർത്തിക്കുന്നതിനെ

തിരുവുള്ളത്തിലെറി തിരുമനസ്സൊട്ടുകട കാര്യപ്രസാധം തികച്ച പാദ്രിയെ ഇങ്ങൊട്ടു അയക്ക വെണ്ടിരിക്കുന്നു.
തിരുവയിസ്സ വർദ്ധിച്ചിരിക്കട്ടെ

36

നാം മാർ കാർളൊസ സിംഹമാസം 20 ദിവസി നമ്മുടെ കൈയിക്കൽ വന്നു മഹാരാജാവിൻെററ തിരുവെഴുത്തു നമുക്ക വലിയ പ്രസാദകാരണ മായിരിക്കയും ചൈതു മഹാരാജാവിന്ന നമ്മുടെ നെരെയുള്ള തിരുവുള്ള കടാക്ഷത്തിൻെററ നണ്ണി* നമ്മുടെ മനസ്സിലെപ്പൊഴും ഇരിക്കയും ചെയ്യും മഹാരാജാവിനെകണ്ടു പ്രസാദിപ്പാൻ നമുക്ക എറിയ തർഷമു ണ്ടെങ്കിലും ആരൊഗ്യമില്ലായ്കകൊണ്ടു തെക്കെ പള്ളികളിടെ കാർയ്യം ന്യായംപൊലെയും വെദ മർയ്യാദപൊലെയുംതീർപ്പാനും ലൊകരെ ഐകമത്യപ്പെടുത്തുവാനും നമ്മുടെ പെർക്ക വരാപ്പുഴെ കർമ്മെലീത്ത പൗലിനൊസ പാത്രിയെതിരുമുമ്പാഗെ കല്പിച്ചയക്കുന്നു കൊല്ലത്തിന്നു കിഴക്കുമണക്കുടിവരെയുള്ളപള്ളികളെ നടത്തികൊള്ളു വാൻ നമ്മുക്ക എറിയപരാദീനമുള്ളതുകൊണ്ടു കാർയ്യങ്ങളൊക്കയും എതുപ്രകാരം വെണ്ടുവെന്ന നമ്മുടെ പൗലിനൊസപാത്രി തിരുവുള്ളത്തി ലെററുകയും ചെയ്യും നമ്മെയും നമ്മുടെപാത്രിമാരെയും തിരുവുള്ള കടാക്ഷമുണ്ടായിട്ടു രക്ഷിച്ചുകൊൾകത്രെ വെണ്ടിരിക്കുന്നു തിരുമെനിക്ക കൃതാർത്ഥതയും തിരുവയസ്സും വർദ്ധിച്ചിരിക്കട്ടെ

*നന്ദി

37

മഹാരാജാവിന്ന കൃതർത്ഥതയും ശുഭകീർത്തിയും ഭ(ാ)ഗ്യസം പൂർണതയും

മഹാരാജാവിൻെററ നാട്ടുകത്തു സുഖിച്ചുവസിക്കുന്ന സകല സുധീജന ഉപകാരത്തിന്നു തിരുകല്പനപൊലെ മലയാം ഭാഷയിലും ഇങ്കളെസി ഭാഷയിലും നാം ഉണ്ടാക്കിയാ ഠരം സിദ്ധശ്രുപം മഹാരാജാവിൻെററ തിരുക്കാൾക്കൽ നാം കാഴ്ചവെക്കുന്നു മഹാരാജാവിൻെററ അനന്തശുഭ കീർത്തിക്കും കെരളഭൂമിയിൽ സജ്ജനങ്ങളിടെ* വിദ്യാഭ്യാസത്തിന്നും വരാപ്പുഴെ പാത്രിമ്മാർക്ക മഹാരാജാവിൻെററ തിരുവുള്ളകടാക്ഷ മുണ്ടായതിൻെററ സ്മരണത്തിന്നും തിരുമെനിയുടെ നെരെ പ്രത്യകം നമുക്കുള്ള ആദരത്തിൻെററ ലക്ഷണമായി ഠരം സിദ്ധശ്രുപം സന്തത(ം) ഭവിച്ചിരിക്കണമെന്നത നാം ആഗ്രെഹിച്ചിരിക്കുന്നു

മഹാരാജാവിൻെററ
ശുശ്രൂഷക്കാരൻ വരാപുഴെ കർമ്മെലിത്താദർശനത്തിൽ
പൗലിന്നുസ പാത്രി

* സജ്ജനനങ്ങളിടെ എന്നു വായിയ്ക്കുക

38

നമുക്ക എത്രയും സ്നെഹവും വിശ്വാസവുമായിരിക്കുന്ന അമ്പലപ്പുഴെ മണ്ഡപത്തുംവാതുക്കൽ കാർയ്യക്കാരരെ വായിച്ചുബൊധിപ്പിക്കെണ്ടും അവസ്ഥ

നാം എഴുനെള്ളിയിരിക്കുന്നെടത്ത ചെന്നാറെ മുഖം കാട്ടി കല്ലുക്കാട്ട പള്ളി ഇടപെട്ടുള്ള കാർയ്യങ്ങൾ തിരുമനസ്സിൽ അറിവിച്ചാറെ വലിയസർവ്വാധികാർയ്യക്കാരർ അങ്ങെക്ക ഒരുസാധനം നമ്മുടെപക്കൽ തന്നയച്ചു അങ്ങെ മനസ്സുണ്ടായിട്ട സാധനത്തിൽ എഴുതിയിരിക്കുന്ന കാർയ്യങ്ങളൊക്കെയും നടത്തിപ്പാറാകണം

ഠരംശ്വരകടാക്ഷത്താൽ അങ്ങെ ആയിസ്സ വർദ്ധിച്ചിരിക്കട്ടെ
ഠരം ചൈതിക്ക സാധനം എഴുതിയ പൗലിന്നുസ പാദ്രി

39

നമുക്ക എത്രെയും വിശ്വാസമായിരിക്കുന്ന വരാപ്പുഴെ പ്രവൃത്തിക്കാരനെ വായിച്ചുബൊധിപ്പിക്കെണ്ടും അവസ്ഥ ഠരംകഴിഞ്ഞ രാത്രിയിൽ കള്ളന്മാർ നമ്മുടെ [മ]ത്തായി[മാപ്പി]ളയുടെ വള്ളം പിടിച്ചുകൊണ്ടു പൊകയും ചൈതു പ്രവൃത്തിക്കാരൻെററ മനസ്സുണ്ടായിട്ട [ആ വ]ള്ളം തരിക്കുന്നെങ്കിൽ കൊള്ളായിരുന്നു ആയിസ്സ വർദ്ധിച്ചിരിക്കട്ടെ ഠരം കാര്യത്തിന്ന സാധനം എഴുതിയ പാദ്രി

രേഖകൾ കാലക്രമം

രേഖ	തീയതി
1	1771ആം –കാലം കുംഭമാസം
2	ഇല്ല
3	1784 കാലം മീനമാസം
4	ഇല്ല
5	ഇല്ല
6	1755മത ജ്ജൂലിമാസം 25 ന
7	ഇല്ല
8	ഇല്ല
9	ഇല്ല
10	1697ആം–കാലത്ത ബ്രിച്ചികമാസത്തിലെ 13
11	ഇല്ല
12	ഇല്ല
13	ഇല്ല
14	ഇല്ല
15	1746
16	1768
17	1777ആം–കാലം കുംഭമാസം 25
18	1774ആം –കാലം കർക്കിടകമാസം
19	ഇല്ല
20	ഇല്ല
21	ഇല്ല
22	ഇല്ല
23	1786ആം–കാലം പുത്തൻകണക്കിൽ മെടമാസം
24	1748ആം–കാലം ഇടവമാസത്തി
25	1748ആം–കാലം ഇടവമാസ
26	1745ആം–കാലം മകരമാസം
27	ഇല്ല

28 ഇല്ല

29 ഇല്ല

30 962മാണ്ടു കന്നിമാസം

31 962 മാണ്ട കന്നി മാസം 26

32 ഇല്ല

33 1762ആം–കാലം മെടമാസം 8

34 1780 എന്നു മാർജിനിൽ കാണാനുണ്ട്

35 ഇല്ല

36 ഇല്ല

37 ഇല്ല

38 ഇല്ല

39 ഇല്ല

This collection of documents contains two sets of letters preserved in the Oriental sections of the National Bibliotheques in Paris and Rome :

1. Correspondence between the rulers, chieftains, local magnates and merchants and the French authorities at Mahe.

2. Correspondence between the missionaries of the Varappuzha Seminary and the Rajas of Travancore. The documents shed much welcome light on the contemporary economic, political and cultural scenario of Kerala including the Mysorean inroads, interference of the European mercantilists in the local matters and missionary activities in the erstwhile Travancore state.

ISBN: 81-85499-42-X

Price: ₹135
$5

KC HR

P.B 839, Vyloppilly Samskrithi Bhavan, Nalanda
Thiruvananthapuram – 695 003
Tel : 0471- 2310409 / 6574988, Email : kchrtvm@gmail.com
www.keralahistory.ac.in